# ആമുഖം

**കെ. എൻ. രാമചന്ദ്രൻ**

'ദൈവത്തിന്റെ സ്വന്തം നാട്' എന്ന് വാഴ്ത്തിയാണ് മാറി മാറി ഭരിച്ചവർ ദീർഘനാൾ കേരളത്തെ ടൂറിസ്റ്റുകളുടെ പറുദീസയാക്കാനും കേരളീയരെ വിഡ്ഢികളാക്കാനും ശ്രമിച്ചത്. ആ കേരളമിന്ന് ചൂടിൽ ഉരുകുകയാണ്. കാലവർഷം എത്തുമ്പോഴേക്കും എന്തൊക്കെ നേരിടേണ്ടി വരുമെന്ന ഭീഷണിയിലാണ്. അപ്പോഴും മൂന്നാറിലും വയനാട്ടിലും മറ്റും അവശേഷിച്ച സർക്കാർ ഭൂമികൂടി പിടിച്ചെടുക്കുന്ന തത്രപ്പാടിലാണ്. ഭൂമാഫിയ വികസനത്തിന്റെ പേരിൽ എക്സപ്രസ്‌വേകളും വിഴിഞ്ഞം തുറമുഖപദ്ധതിയും മാളുകളും കെട്ടിടസമുച്ചയങ്ങളും ആഢംബര വാഹനങ്ങളും എല്ലാം സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന വിനാശത്തിനു പുറമെയാണ് അവസാനത്തെ വനഭൂമിയും  പൊതു ഇടങ്ങൾ പിടിച്ചടക്കാനുള്ള ശ്രമങ്ങൾ. ധനമൂലധനത്തിന്റെ നടത്തിപ്പുകാരായ ഭരണക്കാരും അവർ സേവിക്കുന്ന കോർപ്പറേറ്റ് കുബേരന്മാരും ചേർന്ന് നാടിനെ, നാട്ടാരെ സമൂല നാശത്തിലേക്കും സാംസ്കാരിക ജീർണതയിലേക്കും നയിച്ചുകൊണ്ടിരിക്കുകയാണ്.

'മണ്ണിന്റെ അധികാരം മണ്ണിൽ പണിയെടുക്കുന്നവർക്ക് എന്ന മുദ്രാവാക്യത്തിന്റെ ചരിത്ര, സാമൂഹ്യ, രാഷ്ട്രീയ പശ്ചാത്തലമെന്താണ്? ജന്മി  നാടുവാഴിത്തത്തിന്റെ നീരാളി പിടുത്തത്തിൽ ഭ്രാന്താലയം  എന്നാണ് കേരളം അറിയപ്പെട്ടിരുന്നത്. പക്ഷെ, മണ്ണിനെയും മനസ്സിനെയും ഉഴുതു മറിച്ച വമ്പിച്ച നവോത്ഥാന  പ്രസ്ഥാനം ജന്മി നാടുവാഴിത്വത്തിനും ബ്രിട്ടീഷ് അധിനിവേശത്തിനുമെതിരായ പോരാട്ടങ്ങൾക്ക് വേദിയൊരുക്കി. അതിലൂടെ ശക്തിപ്പെട്ട കമ്യൂണിസ്റ്റ് പ്രസ്ഥാനം 1956ലെ കേരളപിറവി ആകുമ്പഴേക്കും ഒരു കുതിച്ചുചാട്ടത്തിന് തയ്യാറായി. പക്ഷെ സംഭവിച്ചത് നേരെ മറിച്ചാണ്. അപ്പോഴേക്കും സർവദേശീയ  വിപ്ലവ പ്രസ്ഥാനത്തിൽ പിടിമുറുക്കാൻ തുടങ്ങിയ അവസരവാദം ഇവിടേയും പാർട്ടി നേതൃത്വത്തെ ഗ്രസിക്കാൻ തുടങ്ങി. അതുകാരണം 1959ലെ വിമോചന സമരമെന്ന പ്രതിവിപ്ലവ കടന്നാക്രമണത്തെ ചെറുത്ത് തോൽപിക്കുന്നതിനുപകരം പ്രസ്ഥാനം അത്തരം ശക്തികളുമായി സമരസപ്പെടാൻ തുടങ്ങി. പുത്തൻ അധിനിവേശത്തോട് സന്ധി ചെയ്ത കേരള മോഡൽ ഈ സമരസപ്പെടലിന്റെ സംഭാവനകളാണ്.

അതുകൊണ്ടാണ് അധിനിവേശ കാലഘട്ടത്തിൽ ബ്രിട്ടീഷ് തോട്ടം മുതലാളിമാർക്ക് കൈമാറിയ ലക്ഷക്കണക്കിന് ഏക്കർ ഭൂമിയുടെ മേൽ അവർക്കുള്ള അധികാരം 1947-ലെ അധികാര കൈമാറ്റത്തോടെ കാലഹരണപ്പെട്ടിട്ടും മാറി മാറി വന്ന സർക്കാറുകൾ അവ ഏറ്റെടുക്കാതിരുന്നത്. അതേപോലെ സ്വകാര്യ തോട്ടങ്ങളേയും വനങ്ങളേയും ഏറ്റെടുക്കാൻ ശ്രമിക്കാതിരുന്നത്. നിയമവിരുദ്ധമായ കൈമാറ്റങ്ങളിലൂടെ ടാറ്റമാരുടേയും ഗോയങ്കമാരുടെയും ഡാൽമിയമാരുടേയും കയ്യിൽ അവ തുടരാൻ അനുവദിക്കുന്നത് അവശേഷിച്ച പൊതുഭൂമിയും വനഭൂമിയും സവർണസമ്പന്ന വർഗ്ഗത്തിന് പിടിച്ചടക്കാൻ രാഷ്ട്രീയ-ഉദ്യോഗസ്ഥ പോലീസ് അധികാരികൾ ഒത്താശ ചെയ്തു കൊടുക്കുകയാണ്.

അതേസമയം ജാതിവ്യവസ്ഥക്കു കീഴിൽ ഭൂമിയുടെ ഉടമസ്ഥാവകാശം നിഷേധിക്കപ്പെട്ട അധഃസ്ഥിതരും, ആദിവാസികളും മറ്റും പത്ത് സെന്റിന്റെയോ, ലക്ഷം വീടുകളുടെയും മറ്റും ഉടമകളാക്കി വെട്ടി ചുരുക്കപ്പെട്ടു. അങ്ങനെ മണ്ണിൽ പണിയെടുക്കുന്നവർ ഭൂരഹിതരായി തുടരുന്നു. അതിരൂക്ഷമായ ഈ അവസ്ഥ ഭീകരമായ അന്യവൽക്കരണത്തിലേക്കും വ്യക്തി നിഷ്ഠതയിലേക്കും ക്രിമിനൽ വൽക്കരണത്തിലേക്കും സാംസ്കാരിക ജീർണതയിലേക്കുമാണ് കേരളീയ സമൂഹത്തെ എത്തിച്ചിരിക്കുന്നത്.

ഈ അവസ്ഥ മാറണമെങ്കിൽ ഭൂമി, പാർപ്പിടം, പരിസ്ഥിതി, വിദ്യാഭ്യാസം, ചികിത്സ തുടങ്ങി സമസ്ത മേഖലകളിലും പൊളിച്ചെഴുത്ത് ഉണ്ടാകണം. അതിന്റെ തുടക്കമാകട്ടെ ഭൂമിയുടെ സാമൂഹ്യവൽക്കണത്തിലേക്ക് ആത്യന്തികമായി നയിക്കാനുതകുംവിധം കണ്ണൻ ദേവനും ഹാരിസണുമുൾപ്പെടെ വിദേശ കുത്തകകൾ വെട്ടിപ്പിടിച്ച മുഴുവൻ ഭൂമിയും പിടിച്ചെടുത്ത് തോട്ടം തൊഴിലാളികളിലേക്കും മണ്ണിൽ പണിയെടുക്കുന്നവരിലേക്കും കൈ മാറുക എന്നത് അധുനിക അധീശവർഗ്ഗത്തിനെതിരായ പോരാട്ടത്തിനുള്ള, ജനാധിപത്യ കേരളസൃഷ്ടിക്കായുള്ള ഈ സമര കാഹളം ജനങ്ങളിലേത്തിക്കാനുള്ള എളിയ ശ്രമമെന്ന നിലയിൽ സഖാവ് എം പി കുഞ്ഞിക്കണാരൻ തയ്യാറാക്കിയ ഈ ലഘുകൃതി നിങ്ങൾക്ക് മുന്നിൽ സമർപ്പിക്കുന്നു.

അഭിവാദനങ്ങളോടെ,

ന്യൂഡൽഹി
1.04.2017

കെ. എൻ രാമചന്ദ്രൻ
ജന. സെക്രട്ടറി. സി.പി.ഐ. (എം.എൽ) റെഡ് സ്റ്റാർ

ഇക്കഴിഞ്ഞ ഫിബ്രവരി മാസം 25-ാം തിയ്യതി മാധ്യമങ്ങളിൽ നിറഞ്ഞു നിന്ന വാർത്തയായിരുന്നു ആലപ്പുഴ ഹരിപ്പാട് സ്വദേശിനി അനശ്വരയുടെ മരണം. പായിപ്പാട് പാലത്തിൽ നിന്നും ആറ്റിലേക്ക് വീണ് മരിച്ച 10-ാം ക്ലാസ് വിദ്യാർത്ഥിനി അനശ്വരയുടെ അഞ്ചംഗങ്ങടങ്ങിയ നിർധനരായ കുടുംബം ഭൂരഹിതരായിരുന്നു. വാടക മുറിയിലായിരുന്നു ഈ കുടുബത്തിന്റെ താമസം. സ്വന്തമായി ഒരു തുണ്ടു ഭൂമിപോലുമില്ലാത്ത അനശ്വരയുടെ അച്ഛനമ്മമാർക്ക് തങ്ങളുടെ പ്രിയപ്പെട്ട മകളുടെ മൃതശരീരത്തിനു മുന്നിൽ നിസ്സഹായരായി പൊട്ടിപൊട്ടി കരയാൻ മാത്രമേ കഴിഞ്ഞുള്ളൂ.. അവസാനം സി.പി.ഐ.(എം) ന്റെ ചെറുതന ലോക്കൽ കമ്മിറ്റി വളപ്പിൽ പാർട്ടി നേതാക്കളുടെ കാരുണ്യത്താൽ ശവം മറവു ചെയ്തതായും പത്രവാർത്ത പറയുന്നു. അന്വശ്വരയുടെ അച്ഛനമ്മമാരായ ബൈജു-ശ്രീലതാ കുമാരി ദമ്പതിമാരുടെ ഒറ്റപ്പെട്ട ഒരു ധർമ്മ സങ്കടത്തിന്റെ കഥയല്ലിത്. പത്രതാളുകളിൽ സ്ഥാനം പിടിച്ചാലും ഇല്ലെങ്കിലും കേരളീയ പൊതു ജീവിതത്തിൽ ശവമടക്കുന്നതിന് ആറടി മണ്ണു പോലുമില്ലാത്ത മനുഷ്യരുടെ എണ്ണം ഭീതീതമായി പെരുകി കൊണ്ടേയിരിക്കുന്നു. അതി ശക്തമായ ജന്മിത്വ വിരുദ്ധ നാടുവാഴിത്ത വിരുദ്ധ പേരാട്ടങ്ങൾക്ക് സാക്ഷ്യം വഹിച്ച നമ്മുടെ കേരളത്തിൽ, ഈ പോരാട്ടങ്ങളുടെയെല്ലാം ഗുണഫലമെന്ന നിലയിൽ തെരഞ്ഞെടുപ്പിലൂടെ അധികാരത്തിലേക്കു വന്ന ഗവൺമെന്റിന്റെ മുൻ കൈയിൽ നടന്ന ഭൂപരിഷ്കരണ നടപടികൾ ആഘോഷ പൂർവം ഇപ്പോഴും എഴുന്നള്ളിക്കപ്പെടുകയാണ്, അനശ്വരമാരുടെ മരണത്തിനിടയിലും.

## ഭൂപരിഷ്കരണവും കേരളവും

കാർഷികോൽപാദന മേഖലയിലെ ജീർണ്ണിച്ച ഉത്പാദന ബന്ധങ്ങൾക്കെതിരെ ദീർഘകാലം നിണ്ടു നിന്ന പോരാട്ടങ്ങളുടെ ചരിത്രത്തിന് ഉടമകളാണ് നാം കേരളീയർ. കച്ചവടാവശ്യത്തിന് വന്ന് രാജ്യത്തെ ജനങ്ങളെ ബന്ദികളാക്കി കാർഷിക സമ്പത്ത് കൊള്ളചെയ്ത കൊളോണിയൽ ശക്തികൾക്കെതിരെ നടന്ന സമരങ്ങൾക്കും മുമ്പേ തന്നെ ജന്മിത്വത്തിനും നാടുവാഴിത്തതിനും അതിന്റെ നിഷ്ഠൂരമായ അടച്ചമർത്തലുകൾക്കും കൊള്ളക്കുമെതിരെ മണ്ണിൽ പണി എടുക്കുന്ന കർഷക ജനത സമരം ചെയ്തിട്ടുണ്ട്. മലബാറിലും തിരുകൊച്ചിയിലും തിരുവിതാംകൂറിലും നടന്ന ഐതിഹാസികമായ അസംഖ്യം പോരാട്ടങ്ങൾ കുടിയൊഴിപ്പിക്കലിനും അക്രമ പിരിവിനും എതിരെയും അന്യായ പാട്ടംപിരിവ് നിർത്തൽ ചെയ്യുന്നതിനും വേണ്ടിയായിരുന്നു. ജന വിരുദ്ധമായ വ്യവസ്ഥയെ സംരക്ഷിക്കുന്ന കൊളോണിയൽ ശക്തികൾക്കെതിരായ സമരമായി ഈ സമരങ്ങളെല്ലാം വികസിക്കുകയായിരുന്നു. ഐക്യ കേരള പിറവിക്ക് ശേഷമാകട്ടെ ആദ്യ തെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്കും കർഷക പ്രസ്ഥാനത്തിനും മുൻതൂക്കമുള്ള ഒരു ഗവൺമെന്റിനെ അധികാരത്തിലേക്കെത്തിക്കുന്നതിന് ഒരു വലിയ പങ്ക് ഈ സമരങ്ങൾ വഹിച്ചിട്ടുണ്ട്. പക്ഷേ കേരളത്തിലെ ഭൂബന്ധങ്ങളെ ശരിയായി വിശകലനം ചെയ്യാനും, സമൂഹത്തിലെ ജനാധിപത്യവത്കരണ പ്രക്രിയയുമായി കണ്ണി ചേർത്ത് പ്രതിലോമകരമായ ഭൂബന്ധങ്ങളിൽ അടിസ്ഥാനപരമായ പരിവർത്തനങ്ങൾ കൊണ്ടു വരുന്നതിൽ ഐക്യകേരളത്തിലെ ആദ്യ ജനകീയ സർക്കാർ കൊണ്ടു വന്ന ഭൂപരിഷ്ക്കരണ നടപടികൾ പരാജയമാണെന്ന് ചരിത്രം ഇന്ന് പൂർണ്ണമായും തീർപ്പ് കല്പിച്ചു കഴിഞ്ഞു.

1957 ഏപ്രിൽ 5 ന് അധികാരമേറ്റെടുത്ത ഇ.എം.എസ്. സർക്കാർ ഏപ്രിൽ 11 ന് കാർഷിക ബില്ലിനെകുറിച്ചുള്ള ചർച്ചകൾക്ക് തുടക്കം കുറിക്കുകയും ഡിസംബറിൽ ഒഴിപ്പിക്കൽ വിരുദ്ധ നിയമങ്ങൾ ഉൾപ്പെടെ ഒരു കാർഷിക പരിഷ്കരണ നിയമം അഥവാ കാർഷിക ബന്ധ ബിൽ പ്രസിദ്ധീകരിച്ചു. ഈ ബിൽ കേരളാ നിയമസഭ ചർച്ച ചെയ്ത് 1959 ജൂൺ 11 ന് പാസാക്കി. കേരളീയ സമൂ

ഹത്തിൽ നടന്ന അങ്ങേയറ്റം പിന്തിരിപ്പൻ പ്രതിലോമ ശക്തികളുടെ വിമോചന സമരാഭാസം അരങ്ങേറിയതോടെ ബില്ലിന് രാഷ്ടപതി യുടെ അംഗീകാരം ലഭിക്കാതാവുകയും അധികം വൈകാതെ ജൂലൈ 31 ന് പ്രസിഡണ്ട് നിയമസഭ പിരിച്ചു വിടുകയും ചെയ്തു.

തുടർന്ന് അധികാരത്തിലേക്ക് വന്ന സർക്കാർ; ഭേദഗതിക ളോടെ നിയമം പാസ്സാക്കിയെങ്കിലും നിയമപരമായി ചോദ്യം ചെ യ്യപ്പെടുകയും സുപ്രീം കോടതി നിയമം റദ്ദാക്കുകയും ചെയ്തു. 1964ൽ കോൺഗ്രസ് മന്ത്രിസഭയിലെ പി.ടി ചാക്കോ തോട്ടമുടമക ളുടെ സംരക്ഷണാർത്ഥം അങ്ങേയറ്റം പിൻതിരിപ്പനായ മറ്റൊരു ബിൽ കൊണ്ടു വരികയും ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയും ചെയ്തു. പക്ഷേ, ഈ നിയമവും നടപ്പാക്കി തുടങ്ങുന്നതിനു മുമ്പെ വീണ്ടും തിരഞ്ഞെടുപ്പ് നടക്കുകയും ഇ. എം.എസ്. നേതൃത്വത്തിലുള്ള സപ്തകക്ഷി മുന്നണി കേരളത്തില ധികാരത്തിലെത്തുകയും ചെയ്തു. നിലവിലുള്ള ഭൂപരിഷ്കരണ നിയമങ്ങൾക്ക് ഭേദഗതികൾ കൊണ്ടു വന്നെങ്കിലും ഇ.എം.എസ്. സർക്കാറിന് വീണ്ടും അധികാരം ഒഴിയേണ്ടി വന്നു. ഇതിനെ തുടർന്ന് 1970 ൽ സി.പി.ഐ. യുടെ അച്ചുതമേനോൻ മുഖ്യമന്ത്രി യായിരിക്കേ 1967 ലെ ഭൂപരിഷ്കരണ ഭേദഗതി ബില്ലിന് അംഗീ കാരം നൽകുകയും ചെയ്തു. ഇതാണ് ഇന്നറിയപ്പെടുന്ന ഭൂപരി ഷ്കരണ നിയമത്തിന്റെ നാൾവഴികൾ. 1957 മുതൽ തുടുക്കം കുറിച്ച ഭൂപരിക്ഷ്കരണ ബില്ലുകളുടെയും നിയമങ്ങളുടേയും ആകത്തുക യായി അംഗീകരിച്ച ഈ ഭൂപരിഷ്കരണ നിയമം പിന്നീട് വന്ന ഓരോ സർക്കാറുകളും സമ്പന്ന വർഗ്ഗ പക്ഷപാതിത്വത്തോടെ ഭേദഗതി ചെയ്തു കൊണ്ടേയിരുന്നു.

അർദ്ധ നാടുവാഴിത്ത-ജന്മിത്വ ഉല്പാദന ബന്ധങ്ങളിൽ നിന്ന് പുതിയ കൊളോണിയൽ ശക്തികളുടേയും ഭൂമാഫിയകളു ടേയും റിയൽ എസ്റ്റേറ്റ് മാഫിയകളുടെയും തോട്ടം കുത്തകകളു ടേയും പിടിയിലേക്ക് എങ്ങിനെ നമ്മുടെ കൃഷി ഭൂമി ഭൂപരിഷ്ക രണ നടപടികളിലൂടെ കേന്ദ്രീകരിച്ചു എന്നത് സത്യസന്ധവും ശാസ്ത്രീയവുമായ വിശകലനത്തിന് വിധേയമാക്കേണ്ടതുണ്ട്. കാർഷിക മേഖലയിലേക്കുള്ള മൂലധനത്തിന്റെ കുത്തിയൊഴുക്കി ലൂടെ കാർഷിക മേഖലയിലെ മുതലാളിത്ത വൽകരണത്തിലേ ക്കെത്തിച്ച ഈ ഭൂപരിഷ്കരണ നടപടികൾ അത്യന്തികമായി ഏതു

വർഗ്ഗത്തിന്റെ താൽപര്യങ്ങളെ സേവിച്ചു എന്ന് ഇത്തരമൊരു വിശകലനം നമ്മേ ബോധ്യപ്പെടുത്തും. വിശദമായ ഒര പരിശോധനയ്ക്ക് ഇവിടെ തുനിയുന്നില്ലെങ്കിലും ഈ ഭൂപരിഷ്കരണ നിയമങ്ങളുടെയും നിയമ ഭേദഗതികളുടെയും രാഷ്ട്രീയ അന്ത:സത്ത സൂചിപ്പിക്കുക മാത്രമാണ് ഇവിടെ ചെയ്യുന്നത്. ഐക്യ കേരള പിറവിക്കു ശേഷമുള്ള 7 പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ കാർഷിക കേരളത്തിൽ മനുഷ്യരുടെ ശവം മറവുചെയ്യുന്നതിനു പോലും ആറടി മണ്ണില്ലാത്ത ലക്ഷക്കണക്കിന് ജനങ്ങൾ അധിവസിക്കുന്ന നാടായി നമ്മുടെ നാട് മാറിയിരിക്കുന്നു. രണ്ട് സെന്റ് മൂന്ന് സെന്റ് സെറ്റിൽമെന്റ് കോളനികളിൽ നരക ജീവിതം തള്ളിനീക്കുന്നത് കാർഷിക ജനസംഖ്യയിലെ 56 ശതമാനമാണ്. നെല്ലറയായി അറിയപ്പെട്ട നമ്മുടെ കേരളം ഇന്ന് ഭക്ഷണത്തിനുള്ള അരിക്കായി അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന ഗതികേടിലേക്കമേൽ സൂചിപ്പിച്ച വിധത്തിലുള്ളഭൂപരിഷ്കരണ നടപടികൾ പൂർത്തീകരിച്ചകാർഷിക വികസന കേരളത്തെ എത്തിച്ചുകഴിഞ്ഞു.

കേരളത്തിലെ കൃഷിക്ക് ഉപയുക്തമായ ഭൂമി, കൃഷി ഭൂമി എന്നും തോട്ടം ഭൂമി എന്നും വേർതിരിച്ചുകൊണ്ട് തോട്ടം ഭൂമിയെയും സ്വകാര്യ വന ഭൂമിയെയും ഭൂപരിധി നിർണ്ണയത്തിൽ നിന്നും ഒഴിവാക്കിയതിലൂടെ ഭൂടമകൾക്ക് പരിധിയിൽ കവിഞ്ഞുള്ള ഭൂമി തോട്ടങ്ങൾ ആക്കി മാറ്റാനും ഭൂഉടമസ്ഥത തങ്ങളിൽ തന്നെ നിലനിർത്താനും കഴിഞ്ഞു. 1959ൽ കാർഷിക ബന്ധബിൽ മുന്നോട്ടു വെക്കുമ്പോൾ അഞ്ച് അംഗങ്ങളുള്ള ഒരു കുടുംബത്തിന് 12 ഏക്കർ എന്ന പരിധി നിലനിർത്തി കൊണ്ട് അവശേഷിക്കുന്ന ഭൂമി ഏറ്റെടുത്താൽ തന്നെ 12 ലക്ഷം ഏക്കർ ഭൂമി എങ്കിലും സർക്കാരിലേക്ക് എത്തുമെന്ന് പ്രതീക്ഷിക്കപ്പെട്ടിരുന്നു. 1959ൽ ഭൂബന്ധബിൽ അവതരിപ്പിച്ച് കൊണ്ട് കെ.ആർ. ഗൗരിയമ്മ സൂചിപ്പിച്ച ഈ 12 ലക്ഷം ഏക്കർ 1966-67ൽ നടന്ന സർവ്വേ ആകുമ്പോഴേക്കും 10 ലക്ഷം ഏക്കറായി കുറഞ്ഞു. 1978ൽ മിച്ച ഭൂമിയായി പ്രഖ്യാപിക്കാൻ കഴിഞ്ഞതാവട്ടെ വെറും ഒന്നര ലക്ഷം ഏക്കർ. ഇതിൽ തന്നെ സർക്കാർ ഏറ്റെടുക്കാൻ ഉത്തരവിട്ടത് ഒരു ലക്ഷത്തിൽപരം ഏക്കറും. ഇത് സൂചിപ്പിക്കുന്നത് നിയമ ഭേദഗതികളിലൂടെ ഭൂപരിധി നിയമം അട്ടിമറിക്കപ്പെടുകയും ഭൂമി അത്രയും ഉടമസ്ഥതയിൽ തിരിമറി നടത്തുകയോ വിറ്റഴിക്കപ്പെടുകയോ ചെയ്തു എന്നാ

ണ്. ഭൂബന്ധങ്ങളിൽ അടിസ്ഥാനപരമായ പരിവർത്തനങ്ങളിലൂടെ മണ്ണിലദ്ധ്വാനിക്കുന്ന വർഗ്ഗത്തിന് നീതിപൂർവം ലഭ്യമാക്കേണ്ട ഭൂമിയാണ് ഇങ്ങനെ ഇടതും വലതുമായി മുന്നണി സമവായങ്ങളിലൂടെ തിരിമറി നടത്തപ്പെട്ടത് എന്ന ഒറ്റ കാര്യം മതി കേരളത്തിലെ ഭൂപരിഷ്കരണത്തിന്റെ വലതുപക്ഷ രാഷ്ട്രീയ ഉള്ളടക്കം മനസ്സിലാക്കാൻ. കേരള ഭൂപരിഷ്ക്കരണ നിമയത്തിന്റെ ആകത്തുക എന്നു പറയുന്ന ഭൂപരിധി നിയമംവെറുമൊരു പ്രഹസനമായി മാറി. രജിസ്റ്റർ ചെയ്യപ്പെടുന്ന കുടുംബട്രസ്റ്റുകൾ ഭൂപരിധിയിൽ നിന്ന് ഒഴിവാക്കപ്പെട്ടതു മൂലം നിരവധി ട്രസ്റ്റുകൾ സമയബന്ധിതമായി രജിസ്റ്റർ ചെയ്യപ്പെട്ടതിന്റെയും പതിനായിരക്കണക്കിനേക്കർ ഭൂമി കുടുംബ ട്രസ്റ്റുകളിലൂടെ സംരക്ഷിക്കപ്പെട്ടതിന്റെയും, കണക്കുകളും ഇന്ന് ലഭ്യമാണ്. നെൽകൃഷിയുടെ പ്രാധാന്യം വിശദികരിച്ചുകൊണ്ട് കുട്ടനാടിനെയും ഭൂപരിധി നിയമത്തിൽ നിന്ന് മാറ്റി നിർത്തിയതിലൂടെ തോട്ടഭൂമിയുടെയും സ്വകാര്യ വനഭൂമിയുടെയും കാര്യത്തിലെന്നപോലെ ഇവിടെയും ആയിരക്കണക്കിനേക്കർ ഭൂമി കായൽ രാജാക്കൻമാർക്കായി സംരക്ഷിക്കപ്പെട്ടു.

ഈ ഭൂപരിഷ്ക്കരണ നടപടികളിലൂടെ ഭൂരഹിതരായ കർഷക വിഭാഗങ്ങൾക്ക് ഭൂമി ലഭ്യമായില്ലെന്ന് മാത്രമല്ല ഭൂഉടമസ്ഥതാ വർഗ്ഗത്തിന് ഭൂ കുത്തക നിലനിർത്താനും കാർഷികേതര ആവശ്യങ്ങൾക്ക് ഭൂമി യഥേഷ്ടം ഉപയോഗപ്പെടുത്താനും പുതിയ രൂപത്തിലുള്ള ഭൂകേന്ദ്രീകരണവും മൂലധന ശക്തികളുടെ കാർഷിക മേഖലയിലെ ഇടപെടലും ശക്തിപ്പെടുന്നതായി കാണാൻ കഴിയും, സാമൂഹ്യ നീതിയുടെ ഒരംശം പോലും നടപ്പിലാക്കപ്പെടാതെ കാർഷിക മേഖലയെ ആശ്രയിച്ചു കഴിയുന്ന ദളിത് ആദിവാസികൾ ഉൾപ്പെടെയുള്ള തോട്ടം തൊഴിലാളികളും കർഷക തൊഴിലാളികളും അടങ്ങുന്ന ഒരു വലിയ വിഭാഗത്തെ കാർഷകോത്പാദന പ്രക്രിയയിൽ നിന്നും ആട്ടിയോടിക്കുകയാണുണ്ടായതെന്ന ഈ ഭൂപരിഷ്കരണ നടപടികളിലൂടെ യഥാർത്ഥത്തിൽ ചരിത്ര സത്യം ഇന്ന് അനാവൃതമാക്കപ്പെട്ടു കഴിഞ്ഞു.

കുടിയായ്മക്കും കുടിയിറക്കലിനുമെതിരെ കൊളോണിയൽ കാലഘട്ടത്തിൽ തന്നെ ആരംഭിച്ച സമരങ്ങൾ നിരവധി നിയമനിർമ്മാണങ്ങൾക്ക് അടിത്തറയിടാൻ ബ്രീട്ടീഷ് ഭരണാധികാരികളെപ്പോലും നിർബന്ധിതമാക്കിയിരുന്നു. കുടി ഒഴിപ്പിക്കലിനും കുടി

യായ്മക്കുമെതിരെയുള്ള നിയമം എന്ന മേമ്പൊടി ചാർത്തി കേരള ഭൂപരിഷ്ക്കരണ നിയമത്തെ അവതരിപ്പിക്കുന്നവർ തിരുകൊച്ചിയിലും, തിരുവിതാംകൂറിലും മലബാറിലും ഇതിനു മുമ്പേ നടപ്പാക്കപ്പെട്ടു കഴിഞ്ഞിരുന്ന കുടിയായ്മ വിരുദ്ധ ബില്ലിന്റേയും കുടിയൊഴിപ്പിക്കൽ വിരുദ്ധ നിയമങ്ങളുടെയും ആവർത്തനമോ ഔപചാരികമായ പ്രഖ്യാപനമോ മാത്രമാണ് ഈ നിയമത്തിൽ ഉള്ളടങ്ങിയിരുന്നതെന്ന യാഥാർത്ഥ്യം മറച്ചു വെക്കുകയാണ്. വിവിധ രൂപത്തിലുള്ള കൂടിയായ്മയെ വിശകലനം ചെയ്യുകയും എല്ലാ തരത്തിലുള്ള കുടിയായ്മകളും ഇല്ലായ്മ ചെയ്തതായി പ്രഖ്യാപിക്കുകയും ചെയ്തപ്പോൾപോലും അഥവാ കൂടിയായ്മ അവസാനിപ്പിച്ച് പാട്ടകുടിയാൻമാർക്കും കാണക്കുടിയാന്മാർക്കും ഒരു പരിധിവരെ ഭൂമി ലഭ്യമായപ്പോൾപോലും- ജാതി മേധാവിത്വ അടിച്ചമർത്തലിനു കീഴിൽ കഴിഞ്ഞിരുന്നവർക്ക് സ്വന്തമായി ഭൂമി ലഭിക്കുകയുണ്ടായിരുന്നില്ല. ജാതി ജന്മിത്വ ശക്തികളാൽ ഭൂമിയുടെ ഉടമസ്ഥാവകാശം നിഷിദ്ധമാക്കപ്പെട്ട് മണ്ണിലധ്വാനിക്കുന്ന അടിയാന്മാരെ കർഷകരായി പോലും പരിഗണിക്കാൻ ഈ ഭൂപരിഷ്കരണ നടപടികൾ തയ്യാറായില്ല എന്നത് അങ്ങേയറ്റം സാമൂഹ്യ വിരുദ്ധമായ ഒരു കുറ്റകൃത്യമാണ്. ദളിത് ആദിവാസി ജനവിഭാഗങ്ങൾ ഉൾപ്പെടെയുള്ള കർഷക തൊഴിലാളികളും തോട്ടം തൊഴിലാളികളും ദരിദ്രരും ഭൂരഹിതരുമായ കർഷക ജനവിഭാഗങ്ങളുമാണ് ഇങ്ങനെ കാർഷിക മേഖലയിൽ നിന്നു ആട്ടിയകറ്റപ്പെട്ട അടിസ്ഥാന വർഗ്ഗങ്ങൾ, എന്നാൽ, കാണാവകാശത്തിന്റെ പേരിൽ ഭൂമിയിൽ പണിചെയ്യാതെ കാർഷിക കാർഷികാനുബന്ധ തൊഴിലുകൾ ഇതര വിഭാഗങ്ങളെ കൊണ്ട് ചെയ്യിച്ചിരുന്ന മധ്യവർഗ്ഗത്തിൽപ്പെട്ട കാണകുടിയാന്മാരെ ഭൂഉടമകളാക്കി മാറ്റി എന്നതും ഈ ഭൂപരിഷ്കരണ നിയമത്തിന്റെ മറ്റൊരു മഹാനേട്ടമാണ്. ഭൂപരിഷ്ക്കരണം കർഷകരെന്ന നിർവ്വചനത്തിൽ ഉൾപ്പെടാത്തതു കാരണം കാലാകാലമായി മണ്ണിലധ്വാനിക്കുന്ന, ഭൂരഹിതരായ കർഷക വർഗത്തെ 10 സെന്റ് കുടികിടപ്പവകാശത്തിൽ ഒതുക്കി നിർത്തി. സമകാലീന കേരളത്തിലെ ജാതി കോളനികളിൽ നരകയാതന അനുഭവിക്കുന്ന ഈ വിഭാഗങ്ങളുടെ സൃഷ്ടിയിലേക്കാണ് പ്രസ്തുത ഭൂപരിഷ്കരണം നയിച്ചത്. സമ്പൂർണ്ണമായി കാർഷിക വൃത്തിയിൽ നിന്ന് ഈ വിഭാഗം ഇന്ന് പുറംതള്ളപ്പെട്ടു കഴിഞ്ഞു.

## തോട്ടം മേഖലയും ഭൂപരിഷ്കരണവും:

കോളോണിയൻ സമ്പദ്ഘടനയുടെ രാഷ്ട്രീയാധിപത്യത്തിനുശേഷമാണ് ഇന്ത്യയിൽ തോട്ടം കൃഷി വ്യാപകമാകുന്നത്. കോളോണിയൽ ശക്തികളും നാട്ടുരാജാക്കന്മാരും ജന്മിമാരും അടങ്ങുന്ന അവിശുദ്ധ കൂട്ടുകെട്ടാണ് തോട്ടം കൃഷിക്കായി വ്യാപകമായി ഭൂമി കണ്ടെത്തി തോട്ടം സമ്പദ്ഘടനക്ക് തുടക്കമിട്ടത്. ആദിവാസി ജന വിഭാഗങ്ങളെ ഉൾകാടുകളിലേക്ക് ഓടിച്ചും അടിമകളായി പിടിച്ചും തോട്ടം വ്യവസായം പരിപോഷിപ്പിക്കാൻ വിസ്തൃതമായ വന മേഖലകൾ വ്യാപകമായി ഉപയോഗിക്കപ്പെട്ടു. കോളോണിയൽ ഭരണകൂടത്തിന്റെ ഒത്താശയോടെയാണ് ഈ ജനവിരുദ്ധ ശക്തികൾ നമ്മുടെ ഭക്ഷ്യോത്പാദനം മുഖ്യ ഉള്ളടക്കമായ കാർഷിക ഘടനയെ തന്നെ അട്ടിമറിച്ചുകൊണ്ട് പുതിയ തരത്തിലുള്ള ഭൂകുത്തകൾക്ക് അടിത്തറയിടുന്നത്. വളരെ വിസ്തൃതമായ ഭൂമേഖലകൾ തോട്ടം കൃഷിക്കായി നാട്ടുരാജാക്കന്മാരിൽ നിന്ന് പാട്ടത്തിനെടുക്കുകയും ഒട്ടനവധി വിദേശ കമ്പനികൾ കോളോണിയൽ ഭരണത്തിന്റെ ആനുകൂല്യം പറ്റികൊണ്ട് തോട്ടം സമ്പദ്ഘടനയെ ശക്തിപ്പെടുത്താൻ മുന്നോട്ടു വരികയും ചെയ്തു. പത്തൊൻപതാം നൂറ്റാണ്ടിന്റെ രണ്ടാം പാതിയിൽ ആരംഭിച്ച് വർഷങ്ങൾ പിന്നിടുമ്പോഴേക്കും ഭൂവിസ്തൃതിയുടെ വലിയൊരു പങ്കു തോട്ടം മേഖല കവർന്നെടുത്തു കഴിഞ്ഞിരുന്നു. കേരളത്തിലെ ഭൂപരിഷ്കരണ നടപടികൾ കൊളോണിയൽ ശക്തികൾ അരക്കിട്ടുറപ്പിച്ച ഈ തോട്ടം സമ്പദ്ഘടനയക്ക് യാതൊരു പോറലും ഏൽപ്പിച്ചില്ലെന്നതു മാത്രമല്ല തോട്ടം തൊഴിലാളികളുടെ പേരു പറഞ്ഞ് തോട്ടങ്ങളെ ഭൂപരിധിയിൽ നിന്ന് ഒഴിച്ച് നിർത്തപ്പെടുകയും ചെയ്തു. അതോടൊപ്പം ഭൂപരിധി നിയമത്തിൽനിന്നും രക്ഷപ്പെടുന്നതിനായി ഭൂഉടമകൾ തങ്ങളുടെ ഭക്ഷ്യധാന്യ കൃഷി മേഖലകൾകൂടി തോട്ടം ഭൂമിയാക്കി പരിവർത്തനപ്പെടുത്തുകയും ഫലത്തിൽ കേരള ഭൂപരിഷ്കരണം കൊളോണിയൽ തോട്ട സമ്പദ്ഘടനയെ പുതിയ രൂപത്തിൽ ശക്തിപ്പെടുത്തുകയും ചെയ്തു.

കേരളത്തിൽ ആർ.പി. ഗോയങ്കയുടെ നിയന്ത്രണത്തിലുള്ള ഹാരിസൺ മലയാളം പ്ലാന്റേഷൻ, ടാറ്റയുടെ നിയന്ത്രണത്തിലു

ള്ള കണ്ണൻദേവൻ തോട്ടങ്ങൾ, ടി.ആർ. ആന്റ് ടി പ്ലാന്റേഷൻ തുടങ്ങി 525000 ഏക്കർ ഭൂമി തോട്ടം കുത്തകൾ നിയമവിരുദ്ധമായി കൈവശം വെച്ചു കൊണ്ടിരിക്കുന്നുവെന്ന് സർക്കാർ നിയോഗിച്ച സമിതികൾ തന്നെ കണ്ടെത്തുകയുണ്ടായി. ഏറ്റവും ഒടുവിലായി ഡോ. എം.ജി. രാജമാണിക്യം സ്പെഷ്യൽ ഓഫീസറായ കമ്മിഷൻ ഹാരിസൺ ടാറ്റ തുടങ്ങിയ തോട്ടമുടമകൾ നിയമത്തിന്റെ യാതൊരുവിധ പിൻബലവുമില്ലാതെയാണ് തോട്ടഭൂമി കൈവശം വെച്ചു കൊണ്ടിരിക്കുന്നതെന്നും ഇത് കേരള സർക്കാറിന് ഏറ്റെടുക്കുന്നതിന് നിയമപരമായ യാതൊരു തടസ്സവുമില്ലെന്നും റിപ്പോർട്ട് നൽകിയിരിക്കുന്നു. കൃഷി ഭൂമി മണ്ണിൽ പണിയെടുക്കുന്നവർക്ക് എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ നിലവിലെ ജീർണ്ണിച്ച ഭൂബന്ധങ്ങളെ മാറ്റി തീർത്തുകൊണ്ട് മണ്ണിൽ പണിയെടുക്കുന്ന ദളിത് -ആദിവാസി ജനവിഭാഗങ്ങൾ ഉൾപ്പെടെ ദരിദ്രരും ഭൂരഹിതരുമായ കർഷക വർഗ്ഗത്തിന്റെയും കർഷക തൊഴിലാളികൾക്കും തോട്ടം തൊഴിലാളികൾക്കും കൃഷി ഭൂമി ലഭ്യമാക്കുന്നതിനായി ഭൂബന്ധങ്ങളെ ജനാധിപത്യ വത്ക്കരിക്കാനും കഴിഞ്ഞില്ലെന്ന് മാത്രമല്ല നേർ എതിർ ദിശയിലേക്കാണ് കാര്യങ്ങൾ നീങ്ങിയത്. തോട്ടം ഭൂമിക്ക് പരിധി നിർണ്ണയിക്കുന്നതിനും, ദേശീയരും-വിദേശീയരുമായ തോട്ടം കുത്തകകൾ നിയമവിരുദ്ധമായി കൈവശം വച്ചിരിക്കുന്നതും, കൈമാറ്റം ചെയ്തിരിക്കുന്നതുമായ ലക്ഷക്കണക്കിനേക്കർ ഭൂമി ദേശസാൽക്കരിക്കുന്നതിനുള്ള ഏറ്റവും നല്ല സുവർണ്ണാവസരത്തെയാണ് ഭൂപരിഷ്കരണ നിയമത്തിന്റെറ ഉപജ്ഞാതാക്കൾ പാഴാക്കിക്കളഞ്ഞത്. സംഘടിത തൊഴിലാളി വർഗ്ഗ പ്രസ്ഥാനങ്ങൾ അപചയങ്ങൾക്ക് വിധേയപ്പെട്ട് വിപ്ലവകരമായ രാഷ്ട്രീയത്തെ കൈയ്യാഴിഞ്ഞതുമായി ബന്ധപ്പെട്ടു മാത്രമേ ഇത് നമുക്ക് വിലയിരുത്താൻ കഴിയൂ. പാട്ടക്കാലാവധി കഴിഞ്ഞ ഈ ഭൂമി എന്തുകൊണ്ട് വിദേശകമ്പനികൾക്ക് സ്വതന്ത്ര ഇന്ത്യയിൽ കൈവശം വെക്കാൻ കഴിയുന്നു എന്നത് ഇവർ വിശദീകരിക്കേണ്ടതുണ്ട്. ഈ തോട്ടഭൂമി ഏറ്റെടുത്തുകൊണ്ട് , പരിധി നിർണ്ണയിച്ചുകൊണ്ട്, തോട്ടം തൊഴിലാളികളുടെ ഉടമസ്ഥതയിൽ തോട്ടം പുന: സംഘടിപ്പിക്കാനും സാമൂഹ്യ നിയന്ത്രണത്തിൻ കീഴിൽ മുന്നോട്ട് കൊണ്ടു പോകാൻ എന്തുകൊണ്ട് കഴിഞ്ഞില്ല എന്ന ചോദ്യത്തിനും നമുക്ക് ഉത്തരം ലഭിക്കേണ്ടതുണ്ട്. സർക്കാർ ഏറ്റെടുത്തിട്ടും ഇതുവരെയും വിത

രണം ചെയ്യാത്ത ഭൂമി മിച്ചഭൂമിയായി പ്രഖ്യാപിച്ചിട്ടും കള്ള രേഖ കൾ സൃഷ്ടിച്ച് കോടതികളിൽ അഭയം തേടി ഭൂഉടമകൾ തിരികെ എടുത്ത മിച്ച ഭൂമി തിരിച്ചു പിടിക്കാൻ, ട്രസ്റ്റുകൾ കൈവശപ്പെടു ത്തിയിരിക്കുന്ന ഭൂമി എന്നിങ്ങനെ ലക്ഷക്കണക്കിനേക്കർ ഭൂമി വീണ്ടെടുത്ത് നീതി പൂർവകമായ വിതരണത്തിന് ഒരു നടപടിയും കേരളം മാറി മാറി ഭരിച്ച മുന്നണികൾ ഇതുവരേയും കൈകൊ ണ്ടിട്ടില്ല. ഫലത്തിൽ കേരളത്തിൽ ഭൂമിയുടെ ഉടമസ്ഥത ഭൂമിയിൽ പണിയെടുക്കാത്ത, കൃഷി ഉപയോഗിച്ചുള്ള ഉപജീവനം ആവശ്യ മില്ലാത്ത വിഭാഗങ്ങളുടെയും, തോട്ടം കുത്തകളുടേയും, ഊഹ കച്ചവടക്കാരുടേയും കോർപ്പറേറ്റുകളുടേയും വട്ടി പലിശക്കാരു ടേയും കയ്യിൽ കേന്ദ്രീകരിച്ചിരിക്കുകയാണ്. ഇതാകട്ടെ മറുഭാ ഗത്ത് കേരളത്തിലെ കാർഷികോത്പാദനത്തെ ആശ്രയിച്ച് അധ ്വാനം വിനിയോഗിച്ചിരുന്ന വിഭാഗങ്ങളെ ദളിത്, ആദിവാസി ജനവി ഭാഗങ്ങളാകെ കടുത്ത ഭൂരാഹിത്യത്തിലേക്ക് നയിച്ചിരിക്കുന്നു. ഇത് തന്നെയാണ് കേരളത്തിലെ കാർഷിക സമ്പദ്ഘടനയെ കഠിനമായ പ്രതിസന്ധിയിലേക്കും ലജ്ജാകരമായ മുരടിപ്പിലേക്കും നയിക്കു ന്നന്നതിന് മുഖ്യ പങ്ക് വഹിച്ചിട്ടുള്ളത്. വിദേശിയരുടെ പേരിൽ ഭൂമി കൈമാറ്റം പാടില്ലെന്ന് കർക്കശമായ നിയമം പാസാക്കിയ പ ഴയകാല നാട്ടുരാജ്യങ്ങളിലെ ഭരണകർത്താക്കളിൽ നിന്നു വ്യത്യ സ്തമായി ആധുനിക കാലത്തെ ജനകീയ ഭരണകർത്താക്കൾ നിയ മത്തെ നോക്കുകുത്തിയാക്കി വിദേശ തോട്ടമുടമകളെ ഇപ്പോഴും സംരക്ഷിക്കുകയാണ്. 1940 കളുടെ അവസാനം അധികാര കൈമാ റ്റത്തിന്റെതായ ഘട്ടത്തിൽ രൂപം കൊടുത്ത നിയമത്തേപ്പോലും അനുഗുണമായി ഉപയോഗപ്പെടുത്തുന്നത് വിസ്മരിച്ചു കൊണ്ട് പുതിയ കോളോണിയൽ ശക്തികളുടെ താൽപര്യങ്ങൾക്കായി കീഴ ടങ്ങുകയായിരിന്നു ഇന്ത്യൻ ഭരണവർഗ്ഗങ്ങൾ. ഇന്ത്യയിലെ ഭരണ വർഗ്ഗങ്ങൾക്ക് അധികാര കൈമാറ്റം നടത്തികൊണ്ട് ബ്രിട്ടീഷ് പാർലിമെന്റ് പാസ്സാക്കിയ ഇന്ത്യൻ ഇൻഡിപ്പെന്റന്റ് ആക്റ്റ്, ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ടും ഉപയോഗപ്പെടുത്തിയാൽ തന്നെ ഒരു പരിധി വരെ വിദേശ തോട്ടം കമ്പനികളെ രാജ്യത്തു നിന്നും ഓടിക്കാൻ കഴിയുമായിരുന്നു. 1957 ലെ കേരളാ ഭൂപരിഷ്കരണ നിയമത്തിന്റെ ഉപജ്ഞാതാക്കൾക്ക് പോലും അത്തരം ഒരു ചിന്ത ഉദിച്ചില്ല. ഇന്ത്യൻ ഇൻഡിപ്പെന്റൻസ് ആക്ട് വകുപ്പ് VII 1 (b) ഉപവ

കുപ്പ് ഇങ്ങനെ പറയുന്നു: "ഇന്ത്യ സ്വതന്ത്രയായി പ്രഖ്യാപിക്കുന്ന തോടുകൂടി ബ്രിട്ടനൊ ബ്രിട്ടന്റെ നിയന്ത്രണത്തിലുള്ള ഏതെങ്കിലും വിദേശരാജ്യമോ ബ്രിട്ടീഷ് കമ്പനികളോ പ്രജകളോ ഇന്ത്യയിലെ നാട്ടുരാജ്യങ്ങളുമായി ഒപ്പുവെച്ചിട്ടുള്ള എല്ലാ ഉടമ്പടികളും അവ കാശങ്ങളും ഇതിനാൽ റദ്ദാക്കപ്പെടുന്നതാണ്. എല്ലാ തരത്തിലുള്ള സ്ഥാവര ജംഗമ സ്വത്തുക്കൾ വിൽക്കുന്നതിനോ കൈമാറ്റം ചെയ്യു ന്നതിനോ ഉള്ള അവകാശം റദ്ദാക്കപ്പെട്ടതായും ഈ സ്വത്തുക്കൾ അതാതു സംസ്ഥാനങ്ങളിലെ ഗവൺമെന്റുകളിലോ കേന്ദ്രഗ വൺമെന്റിലോ നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്നതാണ്." ഇത്രയും സുവ്യക്തമായ നിയമം നിലനിൽക്കുമ്പോഴാണ് നിയമജ്ഞരും വ്യാ ഖ്യാതാക്കളും ഉണ്ടായിട്ടുപോലും 1957ലെ ഇ.എം.എസ് ഗവൺമെന്റെടുത്ത ഭൂപരിഷ്കരണ നടപടികളിൽ കേരളത്തിൽ വിദേശതോട്ടം കമ്പനികളും നാടൻ തോട്ടം കുത്തകളും നിയമവി രുദ്ധമായി കൈവശം വെച്ചിരുന്ന തോട്ടം ഭൂമിയിൽ കൈവെക്കാൻ കേരളത്തിൽ മാറി മാറി വന്ന സർക്കാറുകൾ ധൈര്യം കാട്ടാതിരി ക്കുന്നത്.

കേരളത്തിലെ റവന്യൂ ഭൂമിയിൽ ഒരു ലക്ഷത്തിൽ പരം ഏക്കർ ഹാരിസൺ മലയാളം പ്ലാന്റേഷൻ നിയമ വിരുദ്ധമായി കൈവശം വെച്ചിരിക്കുന്നു. അഞ്ച് ബ്രിട്ടീഷ് കമ്പനികൾ സംയു ക്തമായി 1921ൽ ഒറ്റക്കമ്പനിയായി ലണ്ടനിൽ രജിസ്റ്റർ ചെയ്യുകയും സ്വാതന്ത്ര്യാനന്തരം രണ്ട് പതിറ്റാണ്ടുകൾക്കുശേഷമാണ് നിയമ വിരു ദ്ധമായി കള്ള പ്രമാണങ്ങൾ കെട്ടിച്ചമച്ചുകൊണ്ട് ഇന്ത്യൻ കുത്തക യായ ആർ.പി. ഗോയങ്കക്ക് മലയാളം ഹാരിസൺ പ്ലാന്റേഷൻ ഭൂമി കൈമാറ്റം ചെയ്തത്. ബ്രിട്ടീഷ് ഭരണകാലത്ത് ഇടുക്കിയിൽ കണ്ണൻ ദേവൻ എന്ന പേരിൽ 17 തോട്ടങ്ങളിലായി 127904.56 ഏക്കർ ഭൂമി കൈവശപ്പെടുത്തി കമ്പനി ഇന്ത്യൻ ഇൻഡിപ്പെന്റന്റ് നിയമത്തെയും ഫെറ നിയമത്തെയും മറികടന്നുകൊണ്ടാണ് നിമയ വിരുദ്ധമായി TATA യുടെ നിയന്ത്രണത്തിൻ കീഴിലാക്കിയത്. സ്കോർട്ട്ലാന്റ് ആസ്ഥാനമായി രജിസ്ട്രർ ചെയ്തിരിക്കുന്ന T R & T കമ്പനി പെരുവന്താനം കോരുത്തോട് വില്ലേജുകളിലായി 12,000 ഏക്കറില ധികം ഭൂമി കൈവശം വെച്ചിരിക്കുന്നു. ഈ ഭൂമിയുടെ ഉടമസ്ഥാവ കാശം തെളിയിക്കുന്നതിനാവശ്യമായ വല്ല രേഖകളും കൈവശമു ണ്ടെങ്കിൽ ഹാജരാക്കണമെന്ന് മതിയായ സമയം അനുവദിച്ചു

കൊണ്ട് തന്നെ മൂന്ന് തവണ കമ്മീഷൻ ആവശ്യപ്പെട്ടിട്ടും ഭൂഉടമ സ്ഥാവകാശം തെളിയിക്കാനുള്ള ഒരു തുണ്ട് കടലാസുപോലും ഹാജരാക്കാൻ വിദേശ കമ്പനിയായി ഇന്നും നിലനിൽക്കുന്ന T R & T കമ്പനി അധികൃതർക്ക് കഴിഞ്ഞില്ല.

## രാജമാണിക്യം റിപ്പോർട്ട് ഒരു പരിശോധന

2013 ഏപ്രിൽ 25നും 2015 ഡിസംബർ 30 നുമായി രണ്ടു ഉത്തരവുകളിലൂടെ കേരള സർക്കാർ റജിസ്ട്രേഷൻ വകുപ്പ് ഇൻസ്പെക്ടർ ജനറലും, സർവ്വെ ഡയറക്ടറുമായ ഡോ. എം.ജി. രാജമാണിക്കം സ്പെഷ്യൽ ഓഫീസറായി പ്രത്യേക അധികാരങ്ങളോടെ ഒരു സമിതിക്ക് രൂപം കൊടുത്തു. തോട്ടം മേഖലയിൽ നിയമവിരുദ്ധമായി ഭൂമി കൈവശം വെച്ച് കൊണ്ടിരിക്കുന്ന വിദേശകമ്പനികൾ ഏതൊക്കെയാണ്? കേരളത്തിൽ എത്രമാത്രം ഭൂമി ഈ കമ്പനികളുടെ അധീനതയിലുണ്ട്? ഇവരുടെ കൈകളിലേക്ക് ഈ ഭൂമി എത്തപ്പെടുന്നത് എങ്ങിനെയാണ്? ഈ ഭൂമിയുടെ ഉടമസ്ഥതയുമായി ബന്ധപ്പെട്ട് കമ്പനികൾ ഉന്നയിക്കുന്ന അവകാശവാദമെന്തൊക്കെയാണ്? എത്രമാത്രം ഭൂമി നിയമവിരുദ്ധമായി കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്? കൈമാറ്റം ചെയ്യപ്പെട്ട ഭൂമിയുടെ ഇപ്പോഴത്തെ ഉടമസ്ഥത ആർക്കൊക്കെയാണ് ? കേന്ദ്ര സംസ്ഥാനസർക്കാറുകളിൽ നിന്നും ഇത്തരം കൈമാറ്റങ്ങൾക്ക് ഏതെങ്കിലും രീതിയിലുള്ള അനുമതികൾ ലഭിച്ചിട്ടുണ്ടോ? തുടങ്ങി വളരെയേറെ പ്രാധാന്യമർഹിക്കുന്ന വിഷയങ്ങളിൽ പഠനങ്ങൾ നടത്താനും, അതോടൊപ്പം ഭരണഘടനാപരമായി ഈ ഭൂമിയത്രയും സർക്കാരിൽ നിക്ഷിപ്തമാക്കാനും ആവശ്യമായ നടപടികളിൽ ശുപാർശകൾ സമർപ്പിക്കാനുമായിരുന്നു ഈ കമ്മറ്റിയോട് സർക്കാർ ആവശ്യപ്പെട്ടത്.

ഡോ.രാജമാണിക്കം കമ്മിറ്റി ബന്ധപ്പെട്ട വിഷയങ്ങളിൽ വിശദമായ പഠനം നടത്തി, ആവശ്യമായ മുഴുവൻ രേഖകളും പരിശോധിച്ച് സർക്കാരിന് തങ്ങളുടെ ശുപാർശകളടങ്ങിയ വിശദമായ റിപ്പോർട്ട് 2016 ജൂൺ 4–ാം തിയ്യതി സമർപ്പിച്ചു. എന്നാൽ ഇതുവരെയായിട്ടും ഈ റിപ്പോർട്ടുകളിൽ ഔദ്യോഗികമായ എന്തെങ്കിലും നടപടികൾ എടുത്തതായി നമുക്കറിവില്ല.

ഡോ.രാജമാണിക്കം കമ്മിറ്റി സർക്കാറിന് സമർപ്പിച്ച

റിപ്പോർട്ടിൽ, ഒരു നൂറ്റാണ്ട് മുമ്പ് ഇംഗ്ലണ്ടിൽ രജിസ്ട്ര് ചെയ്ത് കേരളത്തിൽ പ്രവർത്തിച്ചു വരുന്ന ഏതാനും കമ്പനികൾ അഞ്ച് ലക്ഷത്തി ഇരുപത്തി അയ്യായിരം ഏക്കർ ഭൂമി കൈവശം വെച്ചു കൊണ്ടിരിക്കുന്നു എന്നും , തികച്ചും നിയമവിരുദ്ധവും ഭരണഘട നാവിരുദ്ധവുമായാണ് ഈ കമ്പനികൾ ഭൂമി കൈവശം വെച്ച് കൊണ്ടിരിക്കുന്നത് എന്നും പറയുന്നു. സ്വാതന്ത്ര്യലബ്ധിയോടെ സർക്കാറിൽ നിക്ഷിപ്തമാക്കേണ്ട ഈ ഭൂമിയിൽ ഒരു സെന്റ് പോലും കൈവശം വെക്കാനുള്ള നിയമപരമായ അവകാശം ഈ കമ്പനികൾക്കില്ല. ഈ ഭൂമി മതിയായ ഒരു നിയമനിർമ്മാണത്തി ലൂടെ കേരള സർക്കാറിന് ഏറ്റെടുക്കാവുന്നതാണ്. ഭൂപരിഷ്കരണ നടപടികൾക്ക് വിധേയമാകാത്ത ഈ ഭൂമി ഏറ്റെടുത്ത് ഭൂരഹിത രായ ജനങ്ങൾക്ക് വിതരണം ചെയ്യാവുന്നതാണ്. ഇതാണ് വളരെ വിശദമായ പഠനങ്ങൾക്ക് ശേഷം സർക്കാറിന് രാജമാണിക്കം കമ്മീ ഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെ രത്നചുരുക്കം.

കേരളത്തിലെ വിപ്ലവ, പുരോഗമനശക്തികൾ കഴിഞ്ഞ ഒരു ദശകമായി കേരള സർക്കാറിനോട് നിരന്തരമായി ഉന്നയിച്ചു കൊ ണ്ടിരിക്കുന്ന അതേ ആവശ്യം തന്നെയാണ് സർക്കാർ നിയോഗിച്ച രാജമാണിക്കം കമ്മിറ്റിയും തങ്ങളുടെ റിപ്പോർട്ടിലൂടെ മുന്നോട്ട് വെച്ചിട്ടുള്ളത്.

ഏറെക്കുറെ ഇതുപോലുള്ള നിരീക്ഷണങ്ങളിലൂടെ, കേരള ഹൈക്കോടതിയും ഇതേ ആവശ്യങ്ങൾ മേൽപ്പറഞ്ഞ കമ്പനികളു മായി നടന്ന ചില കേസുകളുടെ വിധി പ്രസ്താവനകളുടെ അനു ബന്ധമായി സർക്കാരിന് മുമ്പാകെ വെച്ചിരുന്നു.

ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ മലബാറിലും തിരുവിതാം കൂറിലും, തിരു കൊച്ചിയിലുമായി രണ്ട് ലക്ഷത്തോളം ഏക്കർ ഭൂമി കൈവശം വച്ചിരുന്ന അഞ്ച് കമ്പനികൾ 1921 ൽ ഇംഗ്ലണ്ടിൽ നിലവിലുണ്ടായിരുന്ന 1906 ലെ കൺസോളിഡേഷൻ നിയമത്തിൻ കീഴിൽ ഒരു കമ്പനിയായി മാറി, ഹാരിസൺ മലയാളം ലിമിറ്റഡ് എന്നപേര് സ്വീകരിച്ചു. വിദേശീയർക്ക് ഭൂമി കൈമാറ്റം ചെയ്യുന്ന ത് നിയമം മൂലം നിരോധിക്കപ്പെട്ടിരുന്ന തിരുവിതാംകൂറിലെ നിയ മങ്ങളെ മറികടന്നുകൊണ്ടാണ് കൊളോണിയൽ ഭരണത്തിന്റെ തണലിൽ 86559 ഏക്കർ ഭൂമി തിരുവിതാം കൂറിൽ നിന്നും ശേഷി ക്കുന്ന ഭൂമി മലബാറിൽ നിന്നും തിരുകൊച്ചിയിൽ നിന്നും കമ്പനി

കൈവശപ്പെടുത്തുന്നത്.

ബ്രിട്ടീഷ് ഉടമസ്ഥതയിലുള്ള മലയാളം റബ്ബർ പ്രൊഡ്യൂസിംഗ് കമ്പനി 1923 ൽ ബ്രിട്ടനിലെ ഷിപ്പിംഗ് കമ്പനിയായ ക്രോസ്ഫീൽഡുമായി ഹാരിസൺ ക്രോസ്ഫീൽഡ് കമ്പനിയായി മാറി. 27 തോട്ടങ്ങൾ കൈവശം വെച്ച ഹാരിസൺ കമ്പനി ക്രോസ്ഫീൽഡുമായി പിന്നീട് വേർപിരിഞ്ഞ് ഹാരിസൺ മലയാളം ലിമിറ്റഡ് ആയി മാറി. 1980 ലാണ് ഗോയങ്കെയുടെ R.P.G ഗ്രൂപ്പിനെ ബിനാമിയായി കമ്പനി നിയമിക്കുന്നത്.

ലോകത്തിലെ തന്നെ വൻകിട തോട്ടങ്ങളിലൊന്നായി അറിയപ്പെടുന്ന കണ്ണൻ ദേവൻ കമ്പനി, അവരുടെ കണക്കുകൾ മുഖവിലക്കെടുത്താൽ തന്നെ 1,36,924 ഏക്കർ ഭൂമി കൈവശം വെച്ചുകൊണ്ടിരിക്കുന്നു. ഇതോടൊപ്പം സർക്കാറിൽ നിന്നും ദീർഘകാല പാട്ടത്തിനെടുത്ത 57192 ഏക്കർ ഭൂമിയും അനധികൃതമായി കയ്യേറിയ ഏതാണ്ട് 50000 ഏക്കർഭൂമിയും ഇന്ന് കമ്പനിയുടെ അധീനതയിലാണ്.

ഇതിൽ മിച്ചഭൂമിയായി 1971 ൽ അച്ചുതമേനോൻ സർക്കാർ പ്രഖ്യാപിച്ച 51000 ഏക്കർ ഭൂമിയിൽ ഏറെയും രാഷ്ട്രീയ നേതൃത്വങ്ങളെയും ഉദ്യോഗസ്ഥമേധാവികളെയും വരുതിയിൽ നിർത്തിക്കൊണ്ട് കണ്ണൻ ദേവന്റെ ബിനാമിയായി പ്രവർത്തിക്കുന്ന ടാറ്റ ടീ വീണ്ടും കയ്യേറി. കണ്ണൻ ദേവന്റെ 17 തോട്ടങ്ങളോടൊപ്പം ചേർത്തുകൊണ്ട് തന്റെ സാമ്രാജ്യത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കുകയും ചെയ്തു. ഒരു സമാന്തര സാമ്രാജ്യം തന്നെയാണ് ടാറ്റ മുന്നാറിലൂടെ കേരളത്തിൽ പടുത്തുയർത്തിയിരിക്കുന്നത്. മലയാളം റബ്ബർ പ്രൊഡ്യൂസിംഗ് കമ്പനി (U.K) മലയാളം പ്ലാന്റേഷൻ (U.K) കണ്ണൻ ദേവൻ ഹിൽസ് പ്രൊഡ്യൂസിംഗ് കമ്പനി, ട്രാവൻകൂർ റബ്ബർ കമ്പനി, (TR&T) പീരുമേട് ടീ കമ്പനി എന്നിവയാണ് 5,25000 ഏക്കർ ഭൂമി കേരളത്തിൽ നിയമവിരുദ്ധമായി കൈവശം വെച്ചിരിക്കുന്നതെന്ന് ഡോ.രാജമാണിക്കം കമ്മിറ്റി ചൂണ്ടികാട്ടുകയുണ്ടായി.

## നിയമവിരുദ്ധമായ ഉടമസ്ഥത

ഹാരിസണും, കണ്ണൻദേവനും ഉൾപ്പെടെ മേൽസൂചിപ്പിച്ച എല്ലാ കമ്പനികളും ഇംഗ്ലണ്ടിൽ രജിസ്റ്റർ ചെയ്യപ്പെട്ടവയാണ്. 1947 ലേയും 1956ലേയും ഇന്ത്യൻ കമ്പനീസ് റജിസ്ട്രേഷൻ ആക്ടിംന്

കീഴിൽ രജിസ്ട്രർ ചെയ്യപ്പെടാത്ത ഒരു കമ്പനിക്കും ഇന്ത്യയിൽ പ്രവർത്തിക്കുക സാധ്യമല്ല. നേരത്തെ വിശദീകരിച്ച ഭരണഘടനയുടെ 296-ാം വകുപ്പ് അനുസരിച്ചും, ഈ കമ്പനികൾക്ക് ഇന്ത്യയിൽ പ്രവർത്തിക്കുക സാധ്യമല്ല. സ്വാതന്ത്ര്യാനന്തരമുള്ള 70 വർഷക്കാലം ഈ കമ്പനികൾ എങ്ങനെ ഇന്ത്യയിൽ പ്രവർത്തിച്ചു എന്ന കാര്യം ഉന്നയിക്കപ്പെടേണ്ട ഏറ്റവും പ്രധാനപ്പെട്ട ചോദ്യമാണ്. നിയമവിരുദ്ധവും, ഭരണഘടനാവിരുദ്ധവുമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ വിദേശതോട്ടം കുത്തകൾക്ക് കേരളത്തിലെ ജനങ്ങൾക്ക് ലഭ്യമാകേണ്ട 5 ലക്ഷം ഏക്കർ ഭൂമി കൈവശം വെക്കാനും ലക്ഷകണക്കിന് തൊഴിലാളികളുടെ അദ്ധ്വാനത്തെ കൊള്ള ചെയ്തുകൊണ്ട്, സമ്പത്ത് വിദേശങ്ങളിലേക്ക് കടത്താനും ആരാണ് മൗനാനുവാദം നൽകുന്നത്?

## വിദേശനാണ്യവിനിമയലംഘനം

1947 ൽ ഇന്ത്യാഗവ: രൂപം കൊടുത്ത വിദേശനാണ്യ വിനിമയ നിയമവും 1973 ലെ ഇതിന്റെ തന്നെ വിപുലീകൃതരൂപവുമായ 'ഫെറ'നിയമത്തെയും ലംഘിച്ചുകൊണ്ടാണ് ഈ തോട്ടം കുത്തകകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്ന് രാജമാണിക്കം കമ്മിറ്റിയും വ്യക്തമാക്കുന്നു.

ഫെറ നിയമപ്രകാരം ഒരു വിദേശപൗരനോ, വിദേശ പൗരത്വമുള്ള ഇന്ത്യക്കാരനോ ആണെങ്കിൽ റിസർവ്വ് ബേങ്കിന്റെ പ്രത്യേകഅനുമതിയോടുകൂടി മാത്രമെ ഇന്ത്യയിൽ ഒരു സ്ഥാപനം പ്രവർത്തിപ്പിക്കാൻ കഴിയൂ .

അങ്ങേയറ്റം ശിക്ഷാർഹമായ ഒരു സാമ്പത്തിക കുറ്റകൃത്യമാണ് ഹാരിസൺ ടാറ്റ ഉൾപ്പെടെയുള്ള ഈ വിദേശകമ്പനികൾ ഫെറ നിയമത്തെ ലംഘിച്ച് ഇവിടെ ചെയ്ത് കൊണ്ടിരിക്കുന്നതെന്ന് രാജമാണിക്കം കമ്മിറ്റി ചൂണ്ടകാട്ടുന്നു. ഈ സാമ്പത്തിക കുറ്റകൃത്യത്തിന് അന്താരാഷ്ടതലത്തിൽ തന്നെ നടപടിയെടുക്കാനുള്ള സാധ്യതകൾ ഉയർന്നുവരികയാണ്. മാറി മാറി വരുന്ന സർക്കാറുകളൊന്നും തന്നെ ഈ ശക്തികൾക്കെതിരെ നടപടികളെടുക്കാൻ തയ്യാറിയില്ല എന്ന വസ്തുത എത്രമാത്രം നമ്മുടെ ഭരണാധികാരികൾ ഈ പുതിയരൂപം പ്രാപിച്ച അധിനിവേശ ശക്തികളുടെ

കളിപ്പാവകളാണെന്ന് നമ്മെ ബോധ്യപ്പെടുത്തുന്നു.

രാജ്യത്ത് നിലനില്ക്കുന്ന നിയമങ്ങൾ എല്ലാവർക്കും ഒരേ പോലെ ബാധകമാണെന്ന സാമാന്യതത്വമാണ് നിരന്തരമായി ഇവിടെ ലംഘിച്ചുകൊണ്ടിരിക്കുന്നത്. റിസർവ്വ് ബേങ്കിനെയും അതുവഴി രാജ്യത്തെ തന്നെയും കബളിപ്പിക്കുന്ന ഈ ശക്തികൾനടത്തുന്ന ജനവിരുദ്ധവും ദേശദ്രോഹപരവുമായി നടപടികൾക്കെതിരെ ശബ്ദ മുയർത്താൻ ഒരു വ്യവസ്ഥാപിത രാഷ്ട്രീയപ്രസ്ഥാനവും ഇതേ വരെ തയ്യാറായിട്ടില്ല.

## ഭൂപരിഷ്കരണ ഭൂസംരക്ഷണ നിയമങ്ങളുടെ ലംഘനം

1957 ലെ ഇ.എം.എസ് മന്ത്രിസഭ തയ്യാറാക്കിയ കാർഷിക ബന്ധ ബില്ലിലോ പിന്നീട് കേരളത്തിൽ വിവിധ ഘട്ടങ്ങളിലായി നട പ്പാക്കപ്പെട്ട ഭൂപിരഷ്കരണ നടപടികളിലോ ഭൂബന്ധങ്ങളെ ജനാധി പത്യവൽക്കരിക്കുന്നതിന്റെ ഭാഗമായി, തോട്ടഭൂമിക്ക് പരിധി നിശ്ച യിക്കുക എന്ന കാഴ്ചപ്പാട് മുന്നോട്ട് വെക്കുകപോലും ചെയ്തി ല്ലെന്ന് നേരത്തെ സൂചിപ്പിച്ചല്ലോ? മാത്രമല്ല ഏതെങ്കിലും ജന്മി മാർക്ക് (ഭൂവുടമ) ഭൂമി തോട്ടമാക്കി മാറ്റണവെങ്കിൽ ഗസറ്റിൽ വിജ്ഞാ പനമിറക്കിക്കൊണ്ട് എത്ര ഭൂമി വേണമെങ്കിലും എസ്റ്റേറ്റുകളാക്കി മാറ്റാനുള്ള അനുവാദവും ഗവ: ഉത്തരവുകളിലൂടെ നൽകിയിരു ന്നു എന്ന കാര്യവും സാന്ദർഭികമായി ഇവിടെ സൂചിപ്പിക്കട്ടെ. ഈ സാഹചര്യത്തെ ഉപയോഗപ്പെടുത്തിക്കൊണ്ടും നിരവധി ഏക്രഭൂമി തോട്ടങ്ങളാക്കി മാറ്റിയിട്ടുണ്ട്. പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങൾ ഏറ്റെടുക്കാനും തൊഴിലാളികളുടെ ഉടമസ്ഥതയിൽ തോട്ടങ്ങൾ പുന:സംഘടിപ്പിക്കുന്നതിനേക്കുറിച്ചുള്ള പ്രാഥമിക ചിന്ത കൾപോലും തോട്ടം കുത്തകകൾക്കു വേണ്ടി ഭൂപരിഷ്കരണനട പടികൾ മുന്നോട്ടുവെച്ചവർ കയ്യൊഴിയുകയായിരുന്നു. വിദേശ തോട്ടങ്ങളുടെ കാര്യത്തിലും ഇതേ പോലെ ഭരണവർഗ്ഗങ്ങൾ കണ്ണ ടച്ചു. ഫലത്തിൽ ഈ എല്ലാ തലങ്ങളിലുമുള്ള തോട്ടഭൂമിയും അ തിന്റെ ഉടമസ്ഥരിൽ കേരളത്തിൽ നടപ്പാക്കപ്പെട്ട ഭൂപിരിഷ്കരണ നടപടികളിലൂടെ സുരക്ഷിതമാക്കപ്പെടുകയാണുണ്ടായത്.

ഈ നിയമങ്ങളെ തങ്ങൾക്കനുകൂലമാക്കി വ്യാഖ്യാനി ക്കാനും അനധികൃതമായി തങ്ങൾ കയ്യടക്കിവെച്ച ഭൂമിയുടെ ഉട മസ്ഥാവകാശം കോടതി വിധികളിലൂടെ നിയമപരമാക്കുന്നതിനു

വേണ്ടി നടത്തിയ ശ്രമങ്ങൾക്ക് നേരെ വ്യവസ്ഥാപിത രാഷ്ട്രീയ പ്രസ്ഥാനങ്ങൾ നിശബ്ദത പാലിച്ചു. സർക്കാരിൽനിന്ന് നിർലോഭ മായ സഹായവും കമ്പനികൾക്ക് ലഭിച്ചു.

ബ്രിട്ടീഷ് അധീന ഇന്ത്യയിൽ രാജവാഴ്ചക്കാലത്തെ ജന്മി മാരിൽ നിന്നും, നാട്ടു രാജാക്കന്മാരിൽനിന്നും തുച്ഛമായ വിലക്ക് പാട്ടത്തിന് എടുത്ത ഭൂമി, ഭൂപരിഷ്കരണനിയമത്തിലെ കുടിയാൻ അവകാശം ഉന്നയിച്ചുകൊണ്ട് ഭൂമിയുടെ ഉടമസ്ഥാവകാശം സ്വന്ത മാക്കാനുള്ള നീക്കം നടത്തുകയായിരുന്നു. തോട്ടം കുത്തകൾ ഭൂപ രിഷ്കരണ നടപടികളുടെ കാലത്ത് ലാൻഡ് ട്രിബ്യൂണലിൽ നിന്നും സംഘടിപ്പിച്ചെടുത്ത സർട്ടിഫിക്കറ്റും ഈ കമ്പനികൾ ഇതിനായി ഉപയോഗപ്പെടുത്തി നിരവധി അനുകൂല വിധികളും സംഘടിപ്പിച്ചു കൊണ്ടിരുന്നു.

ഭൂവുടമകളിൽനിന്ന് ഭൂമി പാട്ടത്തിനെടുത്ത പാട്ട കുടിയാ ന്മാരെന്ന നിലയിൽ ഭൂപരിഷ്കരണ നിയമം കുടിയാന് ലഭ്യമാ ക്കുന്ന ആനുകൂല്യങ്ങൾ തങ്ങൾക്കും ബാധകമാക്കണമെന്നും തോട്ട ഭൂമി, കുടിയാൻ അവകാശത്തിൻ കീഴിൽ തങ്ങൾക്കവകാശ പ്പെട്ടതാണെന്ന വാദവുമായിരുന്നു ഈ മാഫിയകൾ ഉന്നയിച്ചിരു ന്നത്. വിചിത്രവും വികലവും ആയ ഈ അവകാശവാദം ജസ്റ്റിസ് മനോഹരൻ കമ്മിറ്റിയും നിവേദിത പി.ഹരൻ കമ്മറ്റിയും ഖണ്ഡി ച്ചിരുന്നുവെങ്കിലും നിയമവ്യവസ്ഥയും അധികാരകേന്ദ്രങ്ങളും ഇതിന് വേണ്ടത്രപരിഗണന കൊടുത്തിരുന്നില്ല.. ഈ കമ്മീഷൻ റിപ്പോർട്ടുകളുടെ ബലത്തിൽ ഗവ:പ്ലീഡറായി സുശീല ആർ. ഭട്ട്, നിയമിക്കപ്പെട്ട ശേഷം ചില കേസുകളിലെങ്കിലും കമ്പനികളുടെ ഇത്തരം വാദത്തിന്റെ മുനയൊടിക്കാനും അനുകൂല വിധികൾ നേടി യെടുക്കാനും ശ്രമിക്കുകയുണ്ടായി. ജന്മിമാരിൽനിന്നും ഭൂമി പാട്ട ത്തിനെടുത്ത കേരളത്തിലെ ഭൂരഹിത കൃഷിക്കാരായ പാട്ടക്കുടി യാന്മാരോ, കാണം കുടിയാന്മാരോ ആണ് ഇവിടെ കുടിയാൻ 'നിർവ്വ ചനത്തിൽ ഉൾപ്പെടുന്നതെന്നും ലാന്റ് ബോർഡുകളിൽനിന്നും നിയ മവിരുദ്ധമായി സംഘടിപ്പിച്ചെടുത്ത സർട്ടിഫിക്കറ്റുകൾ നിയമപര മായി അസാധുവാണെന്നും വിദേശങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഈ വൻകിട കമ്പനികൾ ഒരു നിയമത്തിന്റെ ബലത്തിലും കുടി യാൻ നിർവ്വചനത്തിൽ വരുന്നില്ല എന്നതുമാണ് അസന്നിഗ്ദ്ധമായി രാജമാണിക്കം കമ്മിറ്റി പറയുന്നത്.

കേരള ഭൂപരിഷ്കരണ നടപടികളുടെ ഭാഗമായി കണ്ണൻ ദേവന്റെ 51000 ഏക്കർ ഭൂമിയും ഹാരിസൺ ന്റെ 7000 ഹെക്ടർ ഭൂമിയും 1971 ൽ കേരള സർക്കാർ ഏറ്റെടുത്തിരുന്നുവെങ്കിലും ഈ ഭൂമിയിൽ പലതും കോടതികളിൽ 'കുടിയാൻ' വാദമുന്നയിച്ചു കൊണ്ട് തോട്ടംകുത്തകകൾ തിരിച്ചു പിടിച്ചിരുന്നു. കേരള നിയമ സഭയുടെ ഉപസമിതി മൂന്നാറിൽ നടത്തിയ പഠനങ്ങളിൽ, മൂന്നാർ ടൗൺ ഉൾപ്പെടെയുള്ള ആയിരക്കണക്കിന് ഏക്കർ ഭൂമിക്ക് ടാറ്റ അവകാശവാദമുന്നയിച്ചു, കൈവശപ്പെടുത്തിയിരിക്കുന്നതും തോട്ടം കൃഷി ആവശ്യത്തിനല്ലാതെ പാട്ടഭൂമി ഉപയോഗപ്പെടുത്തി കൊണ്ടിരിക്കുന്നതും ചൂണ്ടിക്കാണിച്ചതും ശ്രദ്ധേയമാണ്. തോട്ടം മാഫിയകളുടെ എല്ലാ വാദമുഖങ്ങളെയും തുടച്ചുമാറ്റിക്കൊണ്ടാണ് നിയമങ്ങളുടേയും രേഖകളുടെയും പിൻബലത്തിൽ രാജമാണിക്കം കമ്മിറ്റി ഈ കമ്പനികളുടെ "കുടിയാൻവാദം" തകർത്തുകൊണ്ട് ഇവർ കൈവശം വെച്ചനുഭവിക്കുന്ന അഞ്ച് ലക്ഷത്തി ഇരുപത്തി അഞ്ചായിരം ഏക്കർഭൂമി സർക്കാറിൽ നിക്ഷിപ്തമാക്കേണ്ടതാണെന്ന് ഉറപ്പിച്ചു പറയുന്നത്.

രാജമാണിക്കം ഉന്നയിച്ചിരിക്കുന്ന വളരെയേറെ പ്രാധാന്യമർഹിക്കുന്ന ശാസ്ത്രീയമായ ഈ നിരീക്ഷണം. കഴിഞ്ഞ കാലങ്ങളിൽ തോട്ടമുടമകളെ സംരക്ഷിക്കുന്നതിനായി ലാൻഡ് ട്രിബ്യൂണലുകൾ നൽകിയ സർട്ടിഫിക്കറ്റുകളുടെ നിയമസാധുതയാണ് ചോദ്യം ചെയ്തിരിക്കുന്നത്. ഭൂപരിഷ്കരണനിയമങ്ങിൽ , 1974 ലെ ഒരു ഭേദഗതിയിൽ നിയമം നടപ്പിലാക്ക്പ്പെട്ട കാലാവധിക്കുശേഷം സൃഷ്ടിക്കപ്പെട്ട യാതൊരു വിധ കുടിയായ്മകൾക്കും നിലനില്പില്ലെന്നും വ്യവസ്ഥകൾ ലംഘിക്കപ്പെട്ട് നടപ്പിലാക്കുന്ന കുടിയായ്മകൾ അസാധുവാണെന്നും പ്രഖ്യാപിക്കുന്നു.

ഇതേ നിയമത്തിൽ നടപ്പ് കുടിയാന്മാർക്ക് ഭൂമിപതിച്ചു കിട്ടാനുള്ള അവകാശത്തെ അംഗീകരിക്കുന്ന K.L.R നിയമത്തിലെ 72 (3), ഭൂമി പതിച്ചുകിട്ടാൻ അർഹരായ കുടിയാന്മാർ അതാത് ലാൻഡ് ട്രിബ്യൂണലുകളിൽ 1970 ജനുവരി 1 ന് മുമ്പ് തന്നെ അപേക്ഷ സമർപ്പിക്കണമെന്നും കർശനമായി അനുശാസിക്കുന്നു. കേരളത്തിന്റെ മണ്ണിൽ പിടിച്ചു നിൽക്കാനുള്ള അവസാന പിടിവള്ളിയും ഇതോടെ ഈ തോട്ടം കുത്തകൾക്ക് നഷ്ടപ്പെട്ടിരിക്കുന്നു.

K.L.R നിയമത്തിലെ 72(1) അനുസരിച്ചും കുടിയായ്മ സ്ഥിര

തക്ക് അവകാശമുള്ള കുടിയാന്മാർ കൈവശം വെച്ചിട്ടുള്ള ക്രയ വിക്രയസർട്ടിഫിക്കറ്റ് നൽകിയിട്ടില്ലാത്ത കൈവശ ഭൂമി സർക്കാ റിൽ നിക്ഷിപ്തമാകും, മാത്രമല്ല 86-ാം വകുപ്പനുസരിച്ച് നിയമപര മായല്ലാതെ ഇങ്ങിനെ കൈവശം വെച്ചിരിക്കുന്ന ഭൂമി സർക്കാറിന് തിരിച്ചു പിടിക്കാവുന്നതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് ഇത് കണ്ടെത്തി നടപടികൾ സ്വീകരിക്കാനും ഭൂമി തിരിച്ചുപിടിക്കാനും ഈ വകുപ്പ് അധികാരം നൽകുന്നു.

KLR നിയമം സെക്ഷൻ 85(3) പ്രകാരം കുടിയാൻ അവ കാശമായി വെച്ചനുഭവിക്കുന്ന ഭൂമി വീണ്ടെടുക്കുന്നത് സംബന്ധിച്ച് അവകാശവാദങ്ങൾ അന്തിമതീരുമാനത്തിന് ശേഷം 12 ഏക്കറിൽ കൂടുതൽ കൈവശം വെക്കുകയോ, അല്ലെങ്കിൽ ഒരാളുടെ ഉടമ സ്ഥതയിലുള്ള ഭൂമിയെ സംബന്ധിച്ച് ഭൂവുടമകളുടെയും മദ്ധ്യ വർത്തിയുടെ അവകാശവാദവും , ഉടമസ്ഥാവകാശവും അവകാ ശബന്ധവും നടപ്പ് കുടിയാൻ വിലക്കുവാങ്ങിയ ശേഷം ഭൂപരിധി മറികടന്ന് കൊണ്ട് ഭൂമി കൈവശം വെച്ചിരുന്നാലും പരിധി കഴി ഞ്ഞുള്ള ഭൂമി സർക്കാറിൽ നിക്ഷിപ്തമാകും. ഭൂമിയുടെ സ്ഥാന വും, വിസ്തീർണ്ണവും നിർണ്ണയിക്കപ്പെടാവുന്ന മറ്റ് വിവരങ്ങളും അടങ്ങിയ സ്റ്റേറ്റ്മെന്റ് സംസ്ഥാന ലാൻഡ് ട്രിബ്യൂണലിന് സമർപ്പി ക്കുകയും വേണം. ഹാരിസൺ കമ്പനിയുടെ കൈവശമുള്ള ആധി കാരികരേഖ എന്ന് പറയുന്നത് താലൂക്ക് ലാന്റ് ബോർഡിൽനിന്നും ലഭിച്ച നിയമസാധുതയില്ലാത്ത സർട്ടിഫിക്കറ്റാണ്. താലൂക്ക് ലാന്റ് ട്രിബ്യൂണലിൽ നിന്ന് വിതരണം ചെയ്ത ഈ രേഖകൾ തെളിവായി സ്വീകരിക്കാതെ തള്ളിക്കളയണമെന്നാണ് രാജമാണിക്കം കമ്മിറ്റി ആവശ്യപ്പെടുന്നത്.

താലൂക്ക് ലാന്റ് ട്രിബ്യൂണലിൽനിന്നും അനധികൃതമായി സംഘടിപ്പിച്ച നിയമസാധുതയില്ലാത്ത രേഖകൾ ഉപയോഗിച്ചു കൊണ്ടു മേൽപ്പറഞ്ഞ വിദേശകമ്പനികളല്ലാതെ നിരവധി നാടൻതോട്ടം ഉടമകളും നിരവധി എസ്റ്റേറ്റുകളിലെ ലക്ഷക്കണക്കിന് ഏക്കർ കൈവശം വെച്ചു കൊണ്ടിരിക്കുന്നു എന്ന യാഥാർത്ഥ്യം ഇവിടെ പ്രത്യേകം പരാമർശിക്കേണ്ടതുണ്ട്.

ഈ വിദേശകമ്പനികൾ ഹാജരാക്കിയ എല്ലാ ക്രിയ വിക്രയ സർട്ടിഫിക്കറ്റുകളും ലാന്റ് ട്രിബ്യൂണൽ നിയമങ്ങളെ തെറ്റായി വ്യാഖ്യാനിച്ചുകൊണ്ട് വിതരണം ചെയ്യപ്പെട്ടവയാണ്.

ഹാജരാക്കപ്പെട്ട എല്ലാ സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തിട്ടുള്ളത് വിദേശ കമ്പനികളുടെ പേരിലാണ്. ഇവയാകട്ടെ നേരത്തെ വിശദീകരിച്ചപോലെ ബ്രിട്ടണിലെ കമ്പനി ആക്ടനുസരിച്ച് വിദേശരാജ്യത്ത് രജിസ്റ്റർ ചെയ്യപ്പെട്ടതും 1963 ലെ KLR നിയമം സെക്ഷൻ 72 അനുസരിച്ച്, ഇത്തരം സർട്ടിഫിക്കറ്റുകൾ, നിയമസാധുതയില്ലാത്ത കുടിയാൻ പരിഗണനയിൽ നൽകപ്പെട്ടവയാണ്. അതിനാൽ തന്നെ ഈ അവകാശപത്രങ്ങൾ നിയമവിരുദ്ധവും ഒട്ടും താമസിയാതെ റദ്ദ് ചെയ്യേണ്ടതും ആണ്.

## നിയമവിരുദ്ധമായ ഭൂമി വില്പന

വൻ രീതിയിൽ തോട്ടങ്ങൾ മുറിച്ചുവിറ്റും ഭൂമി കൈമാറിയും അങ്ങേയറ്റം നിയമവിരുദ്ധ പ്രവർത്തനങ്ങളിലാണ് കമ്പനി മാനേജ്മെന്റുകൾ കേരളത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നത്. താലൂക്ക് ലാന്റ് ട്രിബ്യൂണലിൽ നിന്നും സംഘടിപ്പിച്ച നിയമസാധുതയില്ലാത്ത ക്രയവിക്രയ അധികാര പത്രങ്ങൾ ഉപയോഗിച്ചുകൊണ്ടാണ് ഹാരിസൺ മലയാളം പ്ലാന്റേഷന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന കോഴിക്കോട് ജില്ലയിലെ മുഴുവൻ ഭൂമിയും വിറ്റഴിച്ചത്. കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ ഹരിസൺ 15000 ഏക്കർ ഭൂമിയെങ്കിലും വിറ്റഴിച്ചിട്ടുണ്ട്. മൂന്നാർ നഗരത്തിലുൾപ്പെടെ ആയിരക്കണക്കിന് ഏക്കർ ടാറ്റ വിറ്റു. ഹാരിസൺ പ്ലാന്റേഷൻ ഉടമസ്ഥതയിലുണ്ടായിരുന്ന ചെറുവള്ളി എസ്റ്റേറ്റ് 2263 ഏക്കർ ഭൂമി ഗോസ്പൽ ഫാദറും തട്ടിപ്പുകാരനുമായ കെ.പി.യോഹന്നാൻ വാങ്ങിക്കൂട്ടിയിരിക്കുന്നു.

വയനാട് ജില്ലയിലും ഹാരിസൺ ഭൂമി വില്പന തകൃതിയായി നടക്കുന്നു. പല എസ്റ്റേറ്റുകളും ഈട് നൽകിക്കൊണ്ട് ബാങ്കുകളിൽ നിന്നും കോടിക്കണക്കിന് രൂപ കടമെടുക്കുന്ന തന്ത്രവും ഈ കമ്പനികൾ നടത്തിക്കൊണ്ടിരിക്കുന്നു.

വൈത്തിരിതാലൂക്കിൽ ഹാരിസൺ 1000 ഏക്കർ ഭൂമി നടത്തിപ്പിനായി സ്വകാര്യ ഏജൻസികളെ ഏല്പിച്ചുകഴിഞ്ഞു. കടൂർ, ചൂരൽമല, സെന്റിനൽ റോക്ക്, അച്ചൂർ ഡിവിഷനുകളിലായി. രാജമാണിക്കം കമ്മിറ്റിയുടെ സന്ദർശനത്തിന് ശേഷം മാനേജ്മെന്റ് ഭൂമി മറുപാട്ടത്തിന് കൊടുക്കാനും മുറിച്ചു വില്പന നടത്താനും നീക്കങ്ങൾ ആരംഭിച്ചിട്ടുണ്ട്. രാജമാണിക്യം കമ്മിറ്റിയുടെ അന്വേഷണ പരിധിയിൽ ഉൾപ്പെടാത്ത പന്ത്രണ്ടോളം എസ്റ്റേറ്റുകൾ ആയിരക്ക

ണക്കിന് ഹെക്ടർ ഭൂമി ബ്രിട്ടീഷ് കമ്പനികളായി രജിസ്റ്റർ ചെയ്യപ്പെട്ടവ വയനാട്ടിലുണ്ട്. ഇതിൽ പല എസ്റ്റേറ്റുകളും നിയമവിരുദ്ധമായി കൈമാറ്റങ്ങൾ നടന്നുകഴിഞ്ഞവയാണ്. ഹാരിസൺ ഉൾപ്പെടെ 56000 ഏക്കർ ഭൂമിയാണ് വയനാട്ടിൽ വിദേശ കമ്പനികൾക്കായി ഉണ്ടായിരുന്നത് എന്നാണ് കണക്കാക്കപ്പെടുന്നത്. പോഡാർ പ്ലാന്റേഷൻ (7000 ഏക്കർ) ആലത്തൂർ എസ്റ്റേറ്റ് (220 ഹെക്ടർ), ബ്രഹ്മഗിരിപ്ലാന്റേഷൻ (479 ഏക്കർ) കോഴിക്കോട് കേന്ദ്രമായ പാരിസൺ കമ്പനിയുടെ മാനന്തവാടിയിലെ പാരിസൺ എസ്റ്റേറ്റ് (6336 ഏക്കർ) തുടങ്ങി വിദേശകമ്പനികളിൽ നിന്ന് നിയമവിരുദ്ധമായി ഭൂമി കൈമാറി കൈവശം വെക്കുന്നതവരാണ്. ഇംഗ്ലീഷ് ആന്റ് സ്കോട്ടിഷ് കമ്പനി അനധികൃതമായി ആ ഭൂമി ഭഗവതി എസ്റ്റേറ്റിനും പിന്നീട് ആസാം ബ്രൂക്കിനും ഒടുവിൽ പാരിസൺ കമ്പനിക്കും കൈമാറുകയാണ് ഉണ്ടായത്.

ഹാരിസൺ മലയാളം എസ്റ്റേറ്റിന്റെ ഉടമസ്ഥതയിലായിരുന്ന കാളിയാർ എസ്റ്റേറ്റിലെ 603 ഹെക്ടർ സ്ഥലം 53 കോടി രൂപയ്ക്കാണ് വില്പന നടത്തിയത്. 1970 ന് ശേഷമാണ് ഈ കൈമാറ്റങ്ങൾ മുഴുവൻ നടന്നിരിക്കുന്നത്. ഈ എസ്റ്റേറ്റുകളും കേരളത്തിൽ ഇപ്പോഴും പൂട്ടിക്കിടക്കുന്നതോ, പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതോ ആയ വിദേശ രജിസ്ട്രേഷനുള്ള കമ്പനികളും കൈകാര്യം ചെയ്യുന്ന ഭൂമി ഏറ്റെടുത്താൽ മൊത്തം 10 ലക്ഷം ഏക്കർ ഭൂമിയെങ്കിലും സർക്കാറിൽ നിക്ഷിപ്തമാകും. പാട്ടക്കാലാവധി കഴിഞ്ഞിട്ടും ഏറ്റെടുക്കാത്ത എസ്റ്റേറ്റുകൂടി കണക്കിലെടുത്താൽ എത്രയോ ലക്ഷം ഏക്കർ ജനങ്ങൾക്കവകാശപ്പെട്ട ഭൂമി മാഫിയകളുടെ കൈകളിലാണ്. മാറി മാറിവന്ന സർക്കാറുകളും, വ്യവസ്ഥാപിത രാഷ്ട്രീയ പ്രസ്ഥാനങ്ങളും, ട്രെയ്ഡ് യൂനിയൻ കങ്കാണിമാരും ഒത്തൊരുമിച്ചുകൊണ്ടാണ് നിയമവിരുദ്ധമായ ഈ കൈമാറ്റങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. കോഴിക്കോട് ജില്ലയിലെ കിനാലൂർ, പൂനൂർ എസ്റ്റേറ്റുകളും മലപ്പുറം ജില്ലയിലെ നിലമ്പൂർ മേഖലയിൽ നിരവധി എസ്റ്റേറ്റുകളും മുറിച്ച് വില്ക്കപ്പെട്ടവയാണ്. തുച്ഛമായ നഷ്ടപരിഹാരം തൊഴിലാളികൾക്ക് നൽകിക്കൊണ്ട് തോട്ടം രജിസ്ട്രേഷൻ റദ്ദ് ചെയ്തു കൊണ്ടാണ് സർക്കാരിൽ നിക്ഷിപ്തമാക്കേണ്ട ഭൂമി ഈ വില്പനകൾ അധികവും നടക്കുന്നത്.

ഹാരിസൺ കമ്പനി നിയമവിരുദ്ധമായി കയ്യടക്കിയ ഭൂമി

## യോഹന്നാന്റെ ഭൂമിയും പിണറായിയുടെ വിമാനത്താവളവും

യാണ് ചെറുവള്ളി എസ്റ്റേറ്റ് കള്ളപ്രമാണങ്ങൾ ചമച്ചുകൊണ്ട് കെ. പി.യോഹന്നാൻ ഇപ്പോൾ ഇത് കൈവശം വെച്ചുകൊണ്ടിരിക്കുന്നു. യോഹന്നാൻ നടത്തിക്കൊണ്ടിരിക്കുന്ന വിദേശനാണ്യവിനിമയലംഘനത്തെക്കുറിച്ച് RBI അന്വേഷണം വന്നപ്പോൾ അമേരിക്കയിൽ സ്ഥിരതാമസമാക്കിയ യോഹന്നാൻ കൈവശം വെച്ചുകൊണ്ടിരിക്കുന്ന ഈ ഭൂമി വിലക്കെടുത്തുകൊണ്ടാണ് പിണറായി വിജയൻ എരുമേലി വിമാനത്താവളം നിർമ്മാണം നടത്താൻ പോകുന്നത്. അങ്ങേയറ്റം നിയമവിരുദ്ധമായ ഒരു കൈമാറ്റത്തെ നിയമവിധേയമാക്കാനും വിമാനത്താവളത്തിനാവശ്യമായ ഭൂമി കഴിച്ച് ബാക്കി യോഹന്നാന്റെ കൈകളിൽ സുരക്ഷിതമാക്കുന്നതിനുമുള്ള ആസൂത്രണമാണ് വിമാനത്താവളത്തിന്റെ പേരിൽ പിണറായി വിജയൻ നടത്തുന്നത് എന്ന് ഏത് കൊച്ചുകുട്ടിക്കും മനസ്സിലാക്കാം. ചെറുവള്ളി എസ്റ്റേറ്റിലെ നൂറ് കണക്കിന് തൊഴിലാളികൾ ഒറ്റമുറി പാടികളിൽ നരകതുല്യം ജീവിക്കുകയാണ്. ചെറുവള്ളി എസ്റ്റേറ്റിനുചുറ്റും ശ്രീനിപുരം കോളനി ഉൾപ്പെടെ നിരവധികോളനികളിൽ ആയിരക്കണക്കിന് കുടുംബങ്ങൾ ജീവിതം തള്ളിനീക്കുമ്പോൾ നിയമവിരുദ്ധമായി യോഹന്നാൻ കയ്യടക്കിയഭൂമി പിടിച്ചടക്കാൻ നിയമമുണ്ടായിട്ടുപോലും മാഫിയകൾക്ക് കൂട്ട് നിൽക്കുകയാണ് കേരള സർക്കാർ.

## കൃഷിഭൂമി മണ്ണിൽ പണിയെടുക്കുന്നവർക്ക്

കോടിക്കണക്കായ കർഷക ജനതയുടെ നിയന്ത്രണത്തിലേക്ക് ഭൂമിയും കാർഷികോല്പാദനപ്രക്രിയയും ഒന്നാകെ കൊണ്ട് വരുന്നതിനായി ജീർണ്ണിച്ച ഭൂബന്ധങ്ങളെ വിപ്ലവകരങ്ങളായ ഭൂബന്ധങ്ങളാക്കി പരിവർത്തനപ്പെടുത്തേണ്ടതുണ്ട്. ഇത് കൊണ്ട് അർത്ഥമാക്കുന്നത് കൃഷിഭൂമി മണ്ണിൽ പണിയെടുക്കുന്നവന് എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ ഭൂബന്ധങ്ങളുടെ ജനാധിപത്യവൽക്കരണമാണ്. ലെനിന്റെ നേതൃത്വത്തിൽ സാർവ്വദേശീയ തൊഴിലാളി വർഗ്ഗ പ്രസ്ഥാനം മുന്നോട്ട് വെച്ച ഈ അടിസ്ഥാന നിലപാട്

മുറുകെപ്പിടിച്ചതുകൊണ്ടാണ് ലോകത്തുള്ള പല രാജ്യങ്ങളിലെയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾക്കെന്നപോലെ , ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്കും കർഷക പ്രസ്ഥാനത്തിനും, രാജ്യത്ത് നിരവധിയായ കാർഷിക പോരാട്ടങ്ങൾക്ക് നേതൃത്വം കൊടുക്കാൻ കഴിഞ്ഞത്. തെലുങ്കാനയും , കയ്യൂരും കരിവള്ളൂരും ഉൾപ്പെടെ എണ്ണമറ്റ കർഷ കമുന്നേറ്റങ്ങൾ സ്വാതന്ത്ര്യത്തിന് മുമ്പും ശേഷവും നടന്നിട്ടുണ്ട്.

സാർവ്വദേശീയ തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിൽ 1950കളുടെ അവസാനപാതി മുതൽ ആധിപത്യത്തിലേക്ക് വന്ന ക്രൂഷ്ചേവിയൻ തിരുത്തൽവാദം ലോക തൊഴിലാളി വർഗ്ഗപ്രസ്ഥാനത്തെയും വിവിധ രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ് പാർട്ടികളെയും വർഗ്ഗസഹകരണ പാതയിലേക്കും അതുവഴി ശിഥിലീകരണത്തിലേക്കും നയിച്ചു.

രണ്ടാം ലോകയുദ്ധത്തിനുശേഷം അമേരിക്കയുടെ നേതൃത്വത്തിലുയർന്നുവന്ന പുതിയ കൊളോണിയൻ ശക്തികളെ തെറ്റായി വിലയിരുത്തി അവരുടെ മാപ്പുസാക്ഷികളായി മാറുകയും, 'നവസ്വതന്ത്ര' രാജ്യങ്ങളെന്ന് ഓമനപ്പേരിട്ടുകൊണ്ട് പുത്തൻ കൊളോണിയൽ ശക്തികളുടെ ആശ്രിതരായി കഴിയുന്ന ഭരണകൂടങ്ങളുമായുള്ള സഹകരണം ഉറപ്പാക്കിയ ക്രൂഷ്ചേവിയൻ തിരുത്തൽവാദത്തിന്റെ സ്വാധീനമാണ് കാർഷിക വിപ്ലവപരിപാടിയെ പുതിയ സാഹചര്യത്തിൽ പുതിയ രീതിയിൽ മുന്നോട്ടു കൊണ്ടുപോകുന്നതിനു പകരം കാർഷികവിപ്ലവ കാഴ്ചപ്പാട് തന്നെ കയ്യൊഴിയുന്നതിക്കേ് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തേയും എത്തിച്ചിട്ടുള്ളത്. പഴയ കൊളോണിയൽ മേധാവികൾ രാജ്യത്തെ ജീർണ്ണിച്ച നാടുവാഴിത്ത- ജന്മിത്വബന്ധങ്ങളെ ഉറപ്പിക്കാനും തങ്ങളുടെ സാമ്പത്തിക-രാഷ്ട്രീയ താല്പര്യങ്ങൾക്കനുഗുണമായ മാറ്റങ്ങൾ കാർഷിക മേഖലയിൽ വരുത്താനും ബദ്ധശ്രദ്ധരായിരുന്നു. ഭൂബന്ധങ്ങളിൽപോലും അടിസ്ഥാനപരമായ പോറലേൽക്കാതെ ചൂഷണം ശക്തിപ്പെടുത്താനുള്ള തന്ത്രങ്ങളായിരുന്നു ആവിഷ്കരിച്ചത്.

രണ്ടാം ലോകയദ്ധത്തിനുശേഷം കരുത്ത് നേടിയ പുതിയ കൊളോണിയൻ ശക്തികൾ പുതിയ കോളനി രാജ്യങ്ങളിലെ വിപുലമായ, ജീർണ്ണിച്ച കാർഷിക ബന്ധങ്ങൾ നിലനിൽക്കുന്ന കാർഷികമേഖലകളെ പുതിയ രീതിയിൽ പരിവർത്തിപ്പിക്കാനുള്ള ആസൂത്രിതമായ പദ്ധതികൾക്ക് തുടക്കമിട്ടു. ചൂഷണത്തിന് അടിത്തറ

വിപുലമാക്കിയും വികസിപ്പിച്ചും, പുതിയ ഭൂബന്ധങ്ങൾ കാർഷിക മേഖലയിലെ മുതലാളിത്തവല്ക്കരണ പ്രക്രിയക്ക് വേഗത കൂട്ടി. ഇത്തരമൊരു ശ്രമത്തിന്റെ ഭാഗമായാണ് അമ്പതുകളുടെ അവസാനം ഭൂപരിഷ്കരണം നടപ്പാക്കിക്കൊണ്ട് മാറ്റങ്ങളുടെ വേഗത വർദ്ധിപ്പിക്കാൻ ലോകബാങ്ക് ആഗോളതലത്തിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതും, ഹരിതവിപ്ലവത്തിലേക്കും ധവളവിപ്ലവത്തിക്കേും കാലെടുത്തുവെക്കുന്നതും.

1957 മുതൽ കേരളത്തിൽ ഇ.എം.എസിൽ നിന്നാരംഭിച്ച് അച്ചുതമേനോനിലൂടെ നടപ്പിലാക്കിയ ഭൂപരിഷ്കരണ നടപടികളിലെ സമ്പന്നവർഗ്ഗ പക്ഷപാതിത്വം മേൽപ്പറഞ്ഞ സാർവ്വദേശീയ തൊഴിലാളി വർഗ്ഗ നിലപാടിലെ അപചയങ്ങളും പുതിയകൊളോണിയലിസത്തിലേക്കുള്ള പരിവർത്തനങ്ങളെ മനസ്സിലാക്കുന്നതിൽ വന്ന പ്രത്യയശാസ്ത്രപരിമിതിയും പുതിയ കൊളോണിയൽ ശക്തികൾ മുകളിൽ കെട്ടിയേൽപിച്ച ഭൂപരിഷ്കരണത്തിന്റെ പാതയിലൂടെ സഞ്ചരിച്ചതിന്റെ ഫലമാണെന്നും ഇന്ന് നമുക്ക് തിരിച്ചറിയാൻ കഴിയും. കാർഷികമേഖലയിലേക്കുള്ള മൂലധനത്തിന്റെ കുത്തിയൊഴുക്കും അഗ്രിഫാമുകളും അഗ്രിബിസിനസ്സുകളും കോർപ്പറേറ്റു ശക്തികളിലേക്കുള്ള ഭൂമിയുടെ കേന്ദ്രീകരണവും വികസനകാഴ്ചപ്പാടുകളും മണ്ണിൽ പണിയെടുക്കുന്ന കർഷകരെ മാത്രമല്ല ഇടത്തരം കർഷകവിഭാഗത്തെക്കൂടി തകർച്ചയിലേക്കും ഭൂരാഹിത്യത്തിലേക്കും വലിച്ചെറിയുമ്പോഴും മട്ടുപ്പാവിലെ പച്ചക്കറികൃഷിയിൽ കാർഷിക വിപ്ലവത്തെ ഒതുക്കുന്നതിലേക്കും വ്യവസ്ഥാപിത ഇടത്പക്ഷവും വ്യവസ്ഥാപിത കാർഷിക പ്രസ്ഥാനങ്ങളും ഏറെ ദൂരം സഞ്ചരിച്ചു കഴിഞ്ഞു.

## ഭൂമിക്കുവേണ്ടിയുള്ള പോരാട്ടവും ജാതിമേധാവിത്വത്തിനെതിരായ സമരവും

സംഘകാലത്തും തുടർന്നുള്ള ഒന്നുരണ്ട് നൂറ്റാണ്ടുകൾക്കിടയിലും കേരളത്തിലേക്ക് കടന്നുവന്ന ബ്രാഹ്മണ്യശക്തികളാണ് കേരളീയ ജനതയെ നൂറ്റാണ്ടുകൾക്ക് മുമ്പേ തന്നെ അടിമത്വത്തിന്റെ പടുകുഴിയിലേക്ക് വലിച്ചെറിഞ്ഞത്. ഭൂമിയുടെ ജന്മാവകാശം ദൈവദത്തമാണെന്നും ബ്രാഹ്മണ്യ പുരോഹിതരുടെ ഉത്ക്കർഷത്തിനായി മണ്ണിന്റെ ഉടമസ്ഥാവകാശം ബ്രാഹ്മണരിൽ നിക്ഷിപ്തമാണെന്നുള്ള

അധീശവർഗ്ഗ പ്രത്യയശാസ്ത്രം അടിച്ചേൽപ്പിച്ചതിലൂടെ മണ്ണിൽ പണിയെടുക്കുന്നവരെ മേച്ഛന്മാരായി കാണക്കാക്കി കണ്ടുകൂടാത്തവരും, തൊട്ടുകൂടാത്തവരുമായി' അടിയാള ജീവിതത്തിൽ തളച്ചിട്ടു. ഭൂഉമസ്ഥതയിൽ നിന്ന് അകറ്റി നിർത്തിയതിലൂടെ വിദ്യാഭ്യാസത്തിൽ നിന്നും സംസ്ക്കാരികോന്നതിയിൽ നിന്നും സാമൂഹ്യ ജീവിതത്തിന്റെ പുറംപോക്കുകളിലേക്കാട്ടിയോടിച്ചു. സാമൂഹ്യ അസമത്വത്തിനെതിരെയും ഉപരിവർഗ്ഗാധിപത്യത്തിനെതിരായും നവോത്ഥാന പോരാട്ടങ്ങളുയർന്നിട്ടും ഭൂ അവകാശത്തെ തിരികെ പിടിക്കാൻ കഴിയാത്തതുകാരണം മണ്ണിൽ പണിയെടുക്കുന്ന ദളിത് വിഭാഗങ്ങളെ ഇപ്പഴും സാമൂഹ്യജീവിതത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ ഇപ്പോഴും സാധിച്ചിട്ടില്ല. മുപ്പതുകളിൽ രൂപം കൊണ്ട കർഷക പ്രസ്ഥാനം മണ്ണിന്റെ മക്കളുടെ അവശതയെയും അവകാശത്തെയും കുറിച്ച് മുദ്രാവാക്യങ്ങൾ ഉയർത്തിയെങ്കിലും കരിവള്ളൂരും കയ്യൂരും ചരിത്രത്തിലെ ഉജ്ജ്വല സമരമുഹൂർത്തങ്ങളായി മാറിയെങ്കിലും മധ്യവർഗ്ഗത്തിന്റെ രാഷ്ട്രീയ സാമ്പത്തിക താത്പര്യങ്ങൾ ചെലുത്തിയ സ്വാധീനവും ജാതിപ്രശ്നത്തോട് ശരിയായ സമീപനം സ്വീകരിക്കുന്നതിൽ വന്ന രാഷ്ട്രീയ പരിമിതിയും ഈ വിഭാഗത്തെ അഭിസംബോധന ചെയ്യുന്നതിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയെയും കർഷക പ്രസ്ഥാനത്തെയും പിറകോട്ട് വലിച്ചു. ഇതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് അൻപത്തിഏഴു മുതലുള്ള ഗവൺമെന്റുകളുടെ ഭൂപരിഷ്കരണ നയങ്ങളിൽ ദൃശ്യമാകുന്നത്. മണ്ണിലധ്വാനിച്ചിരുന്ന ഈ ജനവിഭാഗത്തെ കർഷകരായി പോലും പരിഗണിക്കാതെ കുടികളിൽ കുടിയിരുത്തി, അധീശത്വം നിലനിർത്തി. ജാതീയമായി ഇന്നും നിലനിൽക്കുന്ന അസ്പ്രശ്യതയെ ചെറുക്കാനും സാമൂഹ്യസമത്വത്തിനുവേണ്ടിയുള്ള പോരാട്ടങ്ങളിൽ അവരെ അണിനിരത്താനും കഴിയണമെങ്കിൽ ജാതീയ അടിച്ചമർത്തലിനെതിരായ സമരങ്ങളെ ഭൂ അവകാശത്തിനുവേണ്ടിയുള്ള സമരങ്ങളുമായി ബന്ധിപ്പിക്കേണ്ടതുണ്ട്. ലക്ഷക്കണക്കിന് ഏക്കർ ഭൂമി അനധികൃതമായി കൈവശം വെച്ചു കൊണ്ടിരിക്കുന്ന വിദേശതോട്ടം കുത്തകകൾക്കെതിരായ സമരത്തിൽ അണിചേർന്നുകൊണ്ട്, നൂറ്റാണ്ടുകളായി കുളയട്ടകളെപ്പോലെ ചോരയുറ്റുന്ന ശക്തികൾക്കെതിരായ പോരാട്ടത്തിൽ ഈ അടിസ്ഥാന കർഷക വിഭാഗത്തിന് ചരിത്ര പ്രധാനമായ പങ്ക് വഹിക്കാനുണ്ട്.

ആദിവാസി ജനവിഭാഗങ്ങളും സമാനമായ അവസ്ഥതന്നെ അഭിമുഖീകരിക്കുന്നു. ആദിവാസികൾ സ്വന്തമായ തങ്ങളുടെ കൃഷി ഭൂമിയിൽ നിന്നും ആട്ടിയോടിക്കപ്പെട്ടവരാണ്. ബ്രിട്ടീഷ് ഭരണകാലത്തുപോലും സാമ്രാജ്യത്വത്തിനും ജന്മിത്വത്തിനുമെതിരായി നടന്ന സമരത്തിൽ കേരളത്തിലെ ആദിവാസി ജനത വഹിച്ച പങ്ക് മഹത്തരമാണ്. രൂക്ഷമായ ഭൂരാഹിത്യമാണ് ഇന്ന് ഇവർ അനുഭവിക്കുന്നത്. ആഗോളീകരണ നയങ്ങൾ അടിച്ചേൽപ്പിച്ചതിലൂടെ പാർശ്വവത്ക്കരിക്കപ്പെട്ട ആദിവാസി ജനവിഭാഗങ്ങളെ വംശഹത്യയിലേക്ക് നയിക്കുന്നതിൽ മുഖ്യപങ്കവഹിക്കുന്നത് ഭൂരാഹിത്യം തന്നെയാണ്. ആദിവാസി ജനവിഭാഗങ്ങളുടെ നിലനിൽപ്പുതന്നെ ഭൂപ്രശ്നവുമായി ബന്ധപ്പെട്ടതാണ്. നരകതുല്യമായ ജീവിതാസ്ഥമാത്രം പ്രദാനം ചെയ്യുന്ന ഇന്നത്തെ കോളനി സമ്പ്രദായം തുടച്ചുമാറ്റി മതിയായ സൗകര്യങ്ങളോടെ അവരുടെ പാർപ്പിടാവശ്യങ്ങൾ നിർവഹിക്കപ്പെടേണ്ടതുണ്ട്. അട്ടപ്പാടി പോലുള്ള മേഖലകളിൽ ദാരിദ്ര്യജന്യരോഗം കാരണമുള്ള മരണങ്ങൾ വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. ആദിവാസികളിൽ നിന്ന് വൻരീതിയിൽ കോർപ്പറേറ്റുകൾ ഭൂമി തട്ടിയെടുത്ത മേഖലയാണിത്. ആദിവാസികൾക്ക് സ്വത്വം വീണ്ടെടുക്കാനും അതിലുറച്ചുനിന്ന് കൃഷി ചെയ്യാനും സംവിധാനം ഒരുക്കുന്നതിലൂടെ മാത്രമേ വംശഹത്യയിൽ നിന്ന് അവരെ മോചിപ്പിക്കുവാൻ കഴിയൂ.

## തോട്ടം തൊഴിലാളി–കർഷക സമര ഐക്യം പടുത്തുയർത്തുക

തോട്ടം കുത്തകകളുടെ മനഃസാക്ഷി സൂക്ഷിപ്പുകാരായി മാറികൊണ്ട് ലക്ഷക്കണക്കിനേക്കർ ഭൂമി തട്ടിയെടുത്ത തോട്ടം കുത്തകകൾക്ക് കങ്കാണി പണി ചെയ്യുന്ന ജീർണ്ണിച്ച നേതൃത്വമായി വ്യവസ്ഥാപിത ട്രേഡ് യൂണിയൻ നേതൃത്വങ്ങൾ മാറിയിരിക്കുകയാണ്. തൊഴിലവകാശങ്ങൾക്കുവേണ്ടി മൂന്നാറിലെ തൊഴിലാളികൾ നടത്തിയ സമാനതകളില്ലാത്ത സമരത്തോടും, ചെങ്ങറയിലും ഇതരസമര കേന്ദ്രങ്ങളിലും അന്യാധീനപ്പെട്ട ഭൂമി തിരിച്ചു പിടിക്കാൻ തോട്ടം കുത്തകകൾക്കെതിരെ സമരം ചെയ്ത ഭൂരഹിതരോടും ഈ ട്രേഡ് യൂണിയൻ നേതൃത്വം എടുത്ത സമീപനത്തിൽ നിന്നും ഇത് വ്യക്തമാണ്. പാട്ടക്കാലാവധികഴിഞ്ഞ തോട്ടങ്ങൾ മുറിച്ച്

വിൽക്കുന്നതാണ് തോട്ടം മാഫിയകൾക്ക് സഹായകം. ഇതിന് അനുകൂലമായ തീരുമാനം സ്വീകരിച്ചതും ഇതേ ട്രേഡ് യൂണിയൻ നേതൃത്വമാണ്. തൊഴിലവകാശങ്ങളോ മതിയായ വേതനം പോലുമോ ലഭ്യമാകാതെ ചങ്ങലക്കിട്ട അടിമകളെപോലെ ലായങ്ങളിൽ തളച്ചിടപ്പെട്ട തോട്ടം തൊഴിലാളികൾ ക്രമേണ സംഘടിതരാവുകയും തൊഴിലവകാശങ്ങൾ നേടിയെടുക്കുന്നതിൽ ഒരു പരിധിവരെ മുന്നോട്ടു പോയെങ്കിലും ഇപ്പോഴും പാടികളിലെ തോട്ടം തൊഴിലാളികളുടെ ജീവിതാവസ്ഥ ദാരുണമാണ്. ഒരു ഭാഗത്ത് അധ്വാനഭാരം വർദ്ധിപ്പിക്കുകയും മറുഭാഗത്ത് വേതനം വെട്ടിക്കുറക്കുകയും ചെയ്യുന്നു. ഏറ്റവും പ്രാഥമിക തൊഴിലവകാശമായ ബോണസ് പോലും നൽകുന്നതിന് തോട്ടം കുത്തകൾ വിമുഖരാണ്. യാതൊരു തൊഴിലവകാശങ്ങളുമില്ലാതെ ദിവസകൂലിക്കാരായി പതിനായിരക്കണക്കിന് തോട്ടം തൊഴിലാളികളാണുള്ളത്. എന്നാൽ തങ്ങൾക്കവകാശപ്പെട്ടതും സർക്കാരിൽ നിക്ഷിപ്തമാകേണ്ടതുമായ ഈ മണ്ണിൽ തോട്ടം ഉടമകൾക്കായി തങ്ങൾ ഇതുവരെ അടിമപ്പണി ചെയ്യുകയായിരുന്നുവെന്ന് തോട്ടം തൊഴിലാളികൾ ഇന്ന് തിരിച്ചറിയുന്നുണ്ട്. ഈ ഭൂമി അത്രയും സാമൂഹ്യനിയന്ത്രണത്തിലേക്ക് കൊണ്ട് വരുന്നതിനായി, പരിധി നിശ്ചയിച്ചുകൊണ്ട് തൊഴിലാളികളുടെ ഉടമസ്ഥത യിൽ തോട്ടം പുനഃസംഘടിപ്പിക്കുന്നതിനും പ്രക്ഷോഭം ഉയർന്നു വരേണ്ടതുണ്ട്. തോട്ടം കുത്തകകൾ അന്യായമായി കയ്യടക്കിയിരിക്കുന്ന 5,25,000 ഏക്കർ ഭൂമി തിരിച്ചു പിടിക്കാൻ ഭൂരഹിത കർഷകരും കർഷക തൊഴിലാളികളും ദലിത് ആദിവാസി ജനവിഭാഗങ്ങളും നടത്തുന്ന ഈ പോരാട്ടത്തിന് നേതൃത്വം കൊടുക്കാനും മുഖ്യ പങ്കുവഹിക്കാനും തോട്ടം തൊഴിലാളികൾ രംഗത്തുവന്നേ മതിയാവൂ.

## രൂക്ഷമാകുന്ന പാർപ്പിടരാഹിത്യം

കേരളത്തിലെ ഓരോ നഗരങ്ങളിലും നഗരപ്രാന്ത പ്രദേശങ്ങളിലും മലനാട്ടിലും ഇടനാട്ടിലും തീരപ്രദേശങ്ങളിലുമായി സ്വന്തമായി ഒരു തുണ്ടു ഭൂമിയോ, ഒരു കൊച്ചു കൂരയോ ഇല്ലാതെ പണയത്തിനും പകിടിക്കും വാടകക്കും താമസിക്കുന്ന നിരവധി കുടുംബങ്ങളുണ്ട്. ചേരികളിലും ഗലികളിലും വിവിധ പേരുകളിലുള്ള കോളനികളിലുമായി വാസയോഗ്യമായ പാർപ്പിടങ്ങളില്ലാത്ത ലക്ഷക്കണ

ക്കിന് കുടുംബങ്ങളാണ്  നരക തുല്യമായ ജീവിതം  തള്ളിനീക്കുന്നത്. പ്രായപൂർത്തിയായ നിരവധി അംഗങ്ങളുള്ള കുടുംബങ്ങൾ, ഒറ്റമുറികളിൽ തിങ്ങി ഞെരുങ്ങി ജീവിക്കേണ്ടി വരുന്ന അവസ്ഥ.

നഗര പ്രാന്തങ്ങളിൽ മൂവായിരത്തിന് മുകളിലാണ് മാസവാടക തുടങ്ങുന്നത് തന്നെ. വെള്ളത്തിന്റേയും വൈദ്യുതിയുടെയും, പാചക ഗ്യാസിന്റേയും പുറത്ത്, മക്കളുടെ വിദ്യാഭ്യാസ ചിലവ്, ഭക്ഷണത്തിന്റെയും ചികിത്സയുടെയും ചിലവ്കൂടി കൂടുമ്പോൾ ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പാടുപെടുന്ന മനുഷ്യന്റെ യഥാർത്ഥ ജീവിതചിത്രം ലഭിക്കും. അദ്ധ്വാനിച്ചിട്ടും അദ്ധ്വാനത്തിനനുസരിച്ചു വേതനം ലഭ്യമാകാത്ത അവസ്ഥ. ജീവിത ചിലവുകൾ അടിക്കടി വർദ്ധിക്കുന്നതിനനുസരിച്ച് അദ്ധ്വാനത്തിനുള്ള പ്രതിഫലം ലഭ്യമാകാത്ത സാഹചര്യം തൊഴിൽ സാധ്യതകൾ ചുരുങ്ങി വരികയും ജീവിതചെലവുകൾ പെരുകുകയും ചെയ്യുന്നതോടുകൂടി ഇവിടെ മനുഷ്യർ ജീവനുള്ള ശവങ്ങൾ മാത്രമായിമാറുന്നു. 40.000ത്തോളം ദലിത്-ആദിവാസി കോളനികൾ, നാല് സെന്റ്, ലക്ഷം വീട്, സെറ്റിൽമെന്റ് കോളനികൾ, ലക്ഷക്കണക്കിന് കുടുംബങ്ങൾ ഇവിടെയും നരകതുല്യം തന്നെ. തീപ്പെട്ടികൂടുകൾ പോലെ അടുക്കിവെച്ച കോളനികളിലെ വീടുകൾ അലക്കുന്നതിനോ, കുളിക്കുന്നതിനോ എന്തിനധികം മലമൂത്രവിസർജനത്തിന് പോലും സൗകര്യങ്ങളില്ലാതെ ലക്ഷക്കണക്കിന് കുടുംബങ്ങൾ ഈ കോളനികളിൽ അധിവസിക്കുന്നു.

നമ്മുടെ കേരളത്തിൽ അന്താരാഷ്ട്ര മാനദണ്ഡങ്ങൾ അനുസരിച്ചുള്ള പാർപ്പിടങ്ങളില്ലാത്ത ലക്ഷക്കണക്കിന് കുടുംബങ്ങളാണ് ഇങ്ങനെയുള്ളത്.

മാറിമാറി വരുന്ന ഓരോ സർക്കാറുകളും പ്രഖ്യാപിക്കുന്ന ഓരോ പദ്ധതികളും വാഗ്ദാനങ്ങളും, ഈ മനുഷ്യരുടെ ദുരിതങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് പകരം അത് വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്.

ഭൂമി ഉൾപ്പെടെ നഗര-ഗ്രാമീണ വ്യത്യാസമന്യേ സമ്പത്തിന്റെ സിംഹഭാഗവും ന്യൂനപക്ഷം വരുന്ന വിഭാഗത്തിന്റെ കയ്യിൽ കേന്ദ്രീകരിച്ചിരിക്കുന്നു.

സർക്കാറിന്റെ ഓരോ നടപടികളും ഈ വിഭാഗത്തിന്റെ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും, നിയമ വിധേയമല്ലാതെ സമ്പത്ത്

കുന്നുകൂട്ടുന്ന ഇവരുടെ സമ്പത്തിന് സുരക്ഷ നല്കുന്നതുമാണ്. ഇവരുടെ അഴിമതിയും, അനധികൃതമായ സ്വത്തു സമ്പാദനവും കണ്ടില്ലെന്ന് നടിക്കുന്ന സർക്കാർ, മറുഭാഗത്തുള്ള, കിടപ്പാടമില്ലാത്ത ഭൂമിയും, തൊഴിലും, തൊഴിലിടങ്ങളും നഷ്ടപ്പെട്ടു ചേരികളിലേക്കും, തെരുവുകളിലേക്കും വലിച്ചെറിയപ്പെടുന്ന ഭൂരിപക്ഷവും.

കേരളത്തിലെ നഗരങ്ങളിലെ ഫ്ളാറ്റുകളിൽ 11 ലക്ഷം വീടുകൾ ആളില്ലാത്തത് കാരണം ഒഴിഞ്ഞു കിടക്കുകയാണെന്നാണ് കണക്കുകൾ പറയുന്നത്. പാവപ്പെട്ടവന് ഒരു കൊച്ചു വീട് നിർമ്മിക്കാൻ ആവശ്യമായ പരിമിതമായ പ്രകൃതിവിഭവങ്ങൾ, മണലും, ചെങ്കല്ലും കരിങ്കല്ലുമുൾപ്പെടെ കിട്ടാക്കനിയായി മാറുമ്പോൾ, ഈ 11 ലക്ഷം ആളൊഴിഞ്ഞ വീടുകൾ പണിതീർക്കാൻ കള്ളപ്പണക്കാർക്കും, അഴിമതിക്കാർക്കും ഇവ യഥേഷ്ടം ലഭിക്കുന്നു. വികസനത്തിന്റെ പേരിൽ ആയിരക്കണക്കിന് ഏക്കർ ഭൂമി കുത്തകകൾക്ക് സർക്കാർ സൗജന്യമായി കൊടുക്കുമ്പോൾ സാധാരണക്കാരന് ഒരു കൂര പണിയാൻ, മൂന്ന് സെന്റ് ഭൂമിപോലും വിതരണം ചെയ്യാൻ കഴിയാത്ത സർക്കാർ വൻകിട വിദേശകമ്പനികൾ കേരളത്തിൽ നിയമവിരുദ്ധമായി കൈവശം വെച്ചുകൊണ്ടിരിക്കുന്ന അഞ്ച് ലക്ഷത്തിഇരുപത്താഞ്ചായിരം ഏക്കർ ഭൂമിയുടെ കാര്യത്തിൽ കുറ്റകരമായ മൗനം അവലംബിക്കുകയാണ്. അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള പാർപ്പിട അവകാശത്തിനായി ചേരി കോളനി നിവാസികളുടെയും തീരപ്രദേശങ്ങളിലെ പാർപ്പിട രഹിതരായ ഇരുപത് ലക്ഷത്തോളം വരുന്ന കുടുംബങ്ങൾ ഉൾ പ്പെടെ വാസയോഗ്യമായ പാർപ്പിട അവകാശത്തിനായി ലക്ഷക്കണക്കിന് കുടുംബങ്ങൾ അണിനിരക്കേണ്ട ഒരു പാർപ്പിട അവകാശ സമരത്തിന്റെ ആവശ്യകതയാണ് ഇത് വ്യക്തമാക്കുന്നത്. വിദേശതോട്ടങ്ങൾ നിയമവിരുദ്ധമായി കൈവശം വെച്ചുകൊണ്ടിരിക്കുന്ന ലക്ഷക്കണക്കിന് ഏക്കർ ഭൂമി തിരിച്ചുപിടിച്ച് തോട്ടം തൊഴിലാളികൾക്കും ഭൂരഹിതർക്കും പാർപ്പിടരഹിതരുമായ ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് വിതരണം ചെയ്യാൻ ആവശ്യപ്പെട്ടുകൊണ്ട് സർക്കാറിനെതിരായ സമരപ്രക്ഷോഭങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്.

# അഭിമുഖം: സുശീല ആർ ഭട്ട്

"കേരളത്തിന്റെ ഭൂമിയുടെ പകുതിയും ഇപ്പോഴും വിദേശികളുടെ നിയന്ത്രണത്തിലാണ്. അഞ്ചുലക്ഷത്തിലധികം ഏക്കർ ഭൂമിയാണ് വിദേശക്കമ്പനികളും അവരുടെ ഏജന്റുകളും വ്യാജരേഖകളുടെ പിൻബലത്തിൽ കൈവശം വെക്കുന്നത്."

**സുശീല. ആർ ഭട്ട്**

**വി**ദേശക്കമ്പനികളായ കണ്ണൻദേവനും ഹാരിസണും അവരുടെ ഇന്ത്യൻ ബിനാമികളായ ടാറ്റയുടെയും ഗോയങ്കയുടെയും ഉൾപ്പെടെ അഞ്ചേകാൽ ലക്ഷത്തോളം ഏക്കർ ഭൂമി ഇംഗ്ലീഷ് കമ്പനികൾതന്നെ കേരളത്തിൽ നിയമവിരുദ്ധമായി കയ്യേറിയിരിക്കുന്നതായി രാജമാണിക്യം റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. ഇതിൽ ഹാരിസൺ മാത്ര ലക്ഷത്തിലേറെ ഏക്കർ ഭൂമിയാണ് കൈവശം വെച്ചുകൊണ്ടിരിക്കുന്നത്. ഹാരിസൺ മലയാളവുമായി ബന്ധപ്പെട്ട കേസ് ഹൈകോടതിയുടെ പരിഗണനയിലാണ്. ഹാരിസൺ മലയാളത്തിന്റെ കേസുമായി ബന്ധപ്പെട്ട് നിർണായക ഇടപെടലുകൾ നടത്തിയതും കേസ് സംസ്ഥാനത്തിന് അനുകൂലമാക്കിയതും റവന്യൂ വകുപ്പിന്റെ സ്പെഷൽ ഗവൺമെന്റ് പ്ലീഡറായിരുന്ന സുശീല. ആർ. ഭട്ടിന്റെ നേതൃത്വത്തിലായിരുന്നു. പിണറായി സർക്കാർ അധികാരമേറ്റെടുത്തതോടെ സ്പെഷൽ ഗവൺമെന്റ് പ്ലീഡർ സ്ഥാനത്തുനിന്നും സുശീല.ആർ.ഭട്ടിനെ നീക്കം ചെയ്യുകയുണ്ടായി. സുശീല ഭട്ട് മാറിയതിനുശേഷം ഹാരിസൺ കേസിൽ തുടർവാദങ്ങൾ ഉണ്ടായിട്ടില്ല. കണ്ണൻദേവനും, ഹാരിസണും കങ്കാണിപ്പണി ചെയ്ത് പോന്നിട്ടുള്ള സി.പി.ഐ., സി.പി.ഐ.(എം) ഭരണത്തിൽ കേസ് തോട്ടം കുത്തകകൾക്ക് അനുകൂലമായി അട്ടിമറിക്കപ്പെടാനുള്ള സാധ്യതയേറെയാണ്. ഈ സാഹചര്യത്തിൽ ഹാരിസൺ കേസിനെക്കുറിച്ചും കേരളത്തിലെ ഭൂപ്രശ്നത്തെക്കുറിച്ചുമുള്ള സുശീല. ആർ.ഭട്ടിന്റെ അഭിപ്രായമാണ് ഇവിടെ അനുബന്ധമായി കൊടുക്കുന്നത്. www.iemalayalam.com-ൽ വന്ന ഈ അഭിമുഖം 'സഖാവ്'മാസിക (പുസ്തകം 8, ലക്കം 4 2017 ഏപ്രിൽ) പുനഃപ്രസിദ്ധികരിക്കുകയുണ്ടായി. www.iemalayalam.com നോടും സഖാവ് മാസികയോടും കടപ്പാട്.

**ഹാരിസൺ ഭൂമി കേസിൽ നിലവിലെ സ്ഥിതിയെന്താണ് ?**

= ഹാരിസൺ മലയാളവുമായി ബന്ധപ്പെട്ട കേസ് ഇപ്പോൾ ഹൈക്കോടതിയുടെ പരിഗണനയിലാണ്. ഭൂമി ഏറ്റെടുക്കാൻ സ്പെഷ്യൽ ഓഫീസർ എന്ന നിലയിൽ എം. ജി രാജമാണിക്യത്തിന് അധികാരം ഉണ്ടോ ഇല്ലയോ എന്നതു സംബന്ധിച്ചായിരിക്കും ഇനി കോടതിയിൽ വാദമുണ്ടാവുക. ഈ വിഷയത്തിൽ സർക്കാരിന്റെ താൽപര്യം വളരെ നിർണായകമായിരിക്കും. ഡിവിഷൻ ബെഞ്ചിന്റെ വിധി അനുസരിച്ചായിരിക്കും ഇതുവരെ സ്വീകരിച്ച നടപടികളുടെ ഭാവി. വിധി ഞങ്ങളുടെ വാദത്തിന് അനുകൂലമാണെങ്കിൽ കേരളത്തിലെ ഭൂപ്രശ്നം സംബന്ധിച്ച് മാഗ്നാകാർട്ട ആയിരിക്കും. തിരിച്ചാണെങ്കിൽ 70 വർഷങ്ങൾക്കു മുൻപുള്ള ഭൂമിയുടെ ഉടമസ്ഥതയുടെ സ്ഥിതി തുടരും. കോർപ്പറേറ്റുകൾക്ക് വേണ്ടി വാദിക്കാൻ സുപ്രീംകോടതി അഭിഭാഷകരുടെയും ഒരു നീണ്ട നിര ഈ കേസിൽ ഹാജരാകുന്നുണ്ട്. ഇവരുടെ വാദങ്ങൾക്കെതിരെ തടയിടാൻ തക്കവിധത്തിലുള്ള വാദങ്ങളും മറുവാദങ്ങളും സർക്കാർ അഭിഭാഷകന്റെ ഭാഗത്തുനിന്ന് ഉണ്ടായാൽ മാത്രമേ സർക്കാർ കേസ് ജയിക്കുകയുള്ളൂ.

**ഭരണമാറ്റം ഭൂമിയേറ്റെടുക്കൽ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടോ ?**

= കേസ് ഇപ്പോൾ ഹൈക്കോടതിയുടെ പരിഗണനയിലാണ്. രാജമാണിക്യം റിപ്പോർട്ടു പ്രകാരം ഭൂമി സ്ഥലപരിശോധന പൂർത്തിയാക്കിയ 29000 ഏക്കർ ഹാരിസണിന്റെ ഭൂമി ഏറ്റെടുക്കുന്നതായി കാട്ടി റിപ്പോർട്ടു നൽകിയത് 2015 - ലാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരളത്തിൽ ഇംഗ്ലീഷ് കമ്പനികൾ കൈവശംവച്ചിരിക്കുന്ന അഞ്ചു ലക്ഷത്തോളം ഏക്കർ റവന്യൂ ഭൂമി പിടിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ മുന്നോട്ടുപോയിരുന്നു. സ്പെഷ്യൽ ഓഫീസറായ രാജമാണിക്യത്തിന്റെ നേതൃത്വത്തിൽ പ്രാഥമിക അന്വേഷണം നടത്തുകയും വിവിധ ജില്ലാ കളക്ടർമാരിൽ നിന്ന് ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിരുന്നു. എന്നാൽ പിന്നീട് സർക്കാർ മാറുകയും സർക്കാരിന്റെ നയങ്ങൾ തന്നെ മാറി മറിയുകയും ചെയ്തു. സർക്കാർ സർക്കാർ ഭൂമി കൈവശം വച്ചിരുന്ന വിവിധ കമ്പനികൾക്ക് രാജമാണിക്യം

നോട്ടീസ് നൽകിയിരുന്നു. എന്നാൽ ടി ആർ ആൻഡ് ടി ഉൾപ്പെടെയുള്ള കേസുകളിലെ സ്റ്റേ ഇപ്പോഴും നിലനിൽക്കുകയാണ്. ഈ സ്റ്റേ മാറാനുള്ള ശ്രമങ്ങൾ സർക്കാർ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടിയിരിക്കുന്നു. സ്റ്റേ തുടരുന്നതു കമ്പനികൾക്കു ഗുണകരമായി മാറും. വളരെ പെട്ടെന്നു സ്റ്റേ നീക്കാനുള്ള ശ്രമങ്ങൾ സർക്കാർ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതാണ്. ഇതുസംബന്ധിച്ചു സത്യവാങ്മൂലവും സ്റ്റേ നീക്കാനുള്ള ഹർജികളും സർക്കാർ ഭാഗത്തു നിന്നുണ്ടാകണം.

**ഹാരിസൺ മലയാളം കമ്പനി കൈവശം വയ്ക്കുന്ന ഭൂമി സംസ്ഥാനത്തിന് അവകാശപ്പെട്ടതാണെന്നു ആവർത്തിച്ചു പറയുന്നതിനു കാരണമെന്താണ് ?**

= അതിനു ഞാൻ പറയുന്ന പ്രത്യേക കാരണം കേരളത്തിൽ ഭൂപരിഷ്കരണം നടപ്പിലാക്കിയത് വൻതോതിൽ ഭൂമി കൈവശം വച്ചിരുന്നവരിൽ നിന്നു പിടിച്ചെടുത്തു പാവപ്പെട്ട കർഷകർക്കും കർഷകത്തൊഴിലാളികൾക്കും നൽകാൻ ലക്ഷ്യമിട്ടായിരുന്നു. 1960 കാലഘട്ടങ്ങളിലാണ് ഇത്രയും വിപ്ലവകരമായ ഈ നിയമം കൊണ്ടുവന്നത്. എന്നാൽ ഈ നിയമത്തിന്റെ പ്രയോജനം എത്രത്തോളം പാവപ്പെട്ട ജനവിഭാഗങ്ങൾക്കു ലഭിച്ചുവെന്നതിനെക്കുറിച്ചുള്ള കണക്കുകൾ പരിശോധിച്ചാലറിയാം പകുതി കേരളം ഇപ്പോഴും വിദേശികളുടെ കൈവശം തന്നെയാണ്.

ഈ നിയമങ്ങളെല്ലാം കാറ്റിൽപ്പറത്തി കോർപ്പറേറ്റുകളായ വിദേശ കമ്പനികൾ നമ്മുടെ മണ്ണിൽ ഇപ്പോഴും വിരാജിക്കുകയാണ്. 1947 – ൽ നമുക്കു സ്വാതന്ത്ര്യം ലഭിച്ചുവെന്നും വിദേശികൾ ഒഴിഞ്ഞുവെന്നും നാം എപ്പോഴും വീമ്പു പറയുന്നുണ്ടെങ്കിലും കേരളത്തിന്റെ പകുതിയും ഇപ്പോഴും വിദേശികളുടെ നിയന്ത്രണത്തിൽ ആണെന്നുള്ളത് പലർക്കും അറിയില്ല. കേരളത്തിൽ മാത്രം അഞ്ചു ലക്ഷം ഏക്കർ ഭൂമിയാണ് വിദേശകമ്പനികളും അവരുടെ ഏജന്റുകളും വ്യാജരേഖകളുടെ പിൻബലത്തിൽ കൈവശം വയ്ക്കുന്നത്. ഇത്തരത്തിൽ വിദേശ കമ്പനികൾ ഭൂമി കൈവശം വയ്ക്കുന്നത് നമ്മുടെ ഭരണഘടനയോടുള്ള അവഹേളനം കൂടിയാണ്. വിദേശ കമ്പനികളെല്ലാം കൈവശം വയ്ക്കുന്ന ഭൂമി ഭരണഘടനാപരമായിത്തന്നെ നമുക്ക് അവകാശപ്പെട്ടതാണ്. ഇത്തരം ഭൂമികൾ

ഏറ്റെടുക്കാൻ വേറെ നിയമനിർമ്മാണത്തിന്റെ ആവശ്യമില്ല. കാരണം വിദേശികൾക്ക് ഇന്ത്യയിൽ ഭൂമി കൈവശം വയ്ക്കാൻ അനുവാദമില്ല. അതുകൊണ്ട് തന്നെയാണ് ഹാരിസൺ ഭൂമി കേരളത്തിന് അവകാശപ്പെട്ടതാണെന്നു ഞാൻ ഇപ്പോഴും ആവർത്തിക്കുന്നത്. ഇന്നും ഇവിടുത്തെ കൈയേറ്റക്കാർ വിദേശികളുടെ പേരിലാണ് പ്രോപ്പർട്ടി ടാക്സ് (വസ്തു നികുതി) അടയ്ക്കുന്നത്.

**കേരളത്തിൽ ഇപ്പോഴും നാൽപ്പതു ശതമാനത്തോളം ആളുകൾ ഭൂരഹിതരാണല്ലോ ?**

= ഭൂപരിഷ്കരണവും ഇതുമായി ബന്ധപ്പെട്ട വിപ്ലവങ്ങളുമെല്ലാം വൻകിടക്കാരെ സഹായിക്കുന്ന രീതിയിലുള്ളതായിരുന്നു. ഭൂപരിഷ്കരണ നിയമത്തിന്റെ ഗുണങ്ങളൊന്നും തന്നെ പാവപ്പെട്ട ജനങ്ങൾക്കു ലഭിക്കാതിരുന്നതിനാലാണ് ഇപ്പോഴും ഇത്രയധികം ആളുകൾ നമ്മുടെ നാട്ടിൽ ഭൂരഹിതരായി കഴിയേണ്ടി വരുന്നത്. വൻകിട കമ്പനികൾ വ്യാജ രേഖകളുടെ പിൻബലത്തിൽ ലക്ഷക്കണക്കിന് ഏക്കർ ഭൂമി കൈവശം വയ്ക്കുന്ന കേരളത്തിലാണ് വീടിന്റെ അടുക്കള പൊളിച്ചുപോലും മൃതദേഹ സംസ്കാരം നടത്തേണ്ടി വരുന്നത്. ഇതു വല്ലാത്തൊരു വിരോധാഭാസം തന്നെയാണ്.

**ഹാരിസൺ കേസുമായി ബന്ധപ്പെട്ടു യുഡിഎഫ് സർക്കാരിന്റെ ഭാഗത്തു നിന്നുള്ള സഹകരണം എത്രത്തോളമായിരുന്നു ?**

= കൃത്യമായി പറഞ്ഞാൽ തിരുവഞ്ചൂർ രാധാകൃഷ്ണൻ റവന്യൂ മന്ത്രിയായിരുന്ന കാലത്താണ് പ്രത്യേക ഉത്തരവിലൂടെ എന്നെ ഹാരിസൺ മലയാളവുമായി ബന്ധപ്പെട്ട കേസുകൾ വാദിക്കാൻ നിയമിച്ചത്. പിന്നീട് അടൂർ പ്രകാശ് റവന്യൂ മന്ത്രിയായപ്പോഴാണ് ഹാരിസൺ മലയാളവുമായി ബന്ധപ്പെട്ട ക്രിമിനൽ കേസുകൾ കൂടി പ്രത്യേക ഉത്തരവിലൂടെ എന്നെ ഏൽപ്പിച്ചത്. ഈ ഉത്തരവുകളുടെ ബലത്തിൽ എനിക്കു സ്വതന്ത്രമായി അഞ്ചുവർഷക്കാലത്തോളം കേസുകൾ ഇത്രയും വരെ എത്തിക്കാനായി.

**ഹാരിസൺ കേസുമായി ബന്ധപ്പെട്ട് യുഡിഎഫ് സർക്കാരിന്റെ കാലത്ത് എന്തെങ്കിലും ഇടപെടലുകളുണ്ടായിരുന്നോ ?**

= ഒത്തിരി വെല്ലുവിളികൾ എനിക്ക് നേരിടേണ്ടി വന്നു. എന്നാൽ എന്റെ കേസുകളുടെ നടത്തിപ്പിന്റെ രീതി മനസിലാക്കിയതുകൊണ്ടായിരിക്കും ഇടപെടലുകൾ കുറവായിരുന്നു. കേസുകൾ ഈ

നിലയ്ക്ക് എത്തിക്കാൻ എനിക്ക് ഒത്തിരി കഷ്ടതകളുണ്ടായി. ഭഗീരഥ പ്രയത്നം വേണ്ടി വന്നു. വളരെ പ്രയാസപ്പെട്ടാണ് കേസുകൾ ഇവിടെ വരെ എത്തിച്ചത്. എന്റെ കൂടെ പ്രവർത്തിച്ച ഉദ്യോഗസ്ഥരുടെ പിൻബലവും എനിക്ക് ശക്തമായ പിന്തുണയുമായി മാധ്യമങ്ങളും കൂടെയുണ്ടായിരുന്നതിനാൽ ഇടപെടലുകളൊന്നും വിലപ്പോയില്ല. ഒരു ഘട്ടത്തിൽ ഹാരിസൺ കേസ് ഫയലുകൾ തിരിച്ചേൽപ്പിക്കണമെന്ന തരത്തിൽ ചില സമ്മർദ്ദങ്ങളുണ്ടായി. എന്നാൽ മന്ത്രിമാർ തന്നെ ഇടപെട്ട് ഈ സാഹചര്യം ഒഴിവാക്കുകയായിരുന്നു.

**ഹാരിസൺ മലയാളം കേസുമായി ബന്ധപ്പെട്ട് ഏറ്റവും ആധികാരികമായത് എം. ജി. രാജമാണിക്യം റിപ്പോർട്ടല്ലേ. ഇത് എത്രത്തോളം സമഗ്രമാണ് ?**

= കേരളത്തിലെ ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ഏറ്റവും സമഗ്രമായ റിപ്പോർട്ടാണ് എഴുന്നൂറിലധികം പേജുകളുള്ള ഹാരിസൺ മലയാളം ഭൂമി റിപ്പോർട്ട്. അത്രത്തോളം രേഖകൾ പരിശോധിച്ചും പഠനം നടത്തിയുമാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഇതുപോലെ മറ്റൊരു റിപ്പോർട്ട് കേരളത്തിൽ ഇതുവരെ തയ്യാറാക്കിയിട്ടില്ലെന്നു തന്നെ പറയാം. ഈ റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങൾ നിഷേധിക്കാനോ തെറ്റാണെന്നു തെളിയിക്കാനോ ആർക്കും കഴിയുമെന്നു തോന്നുന്നില്ല. ഇതിൽ പറയുന്ന കാര്യങ്ങൾ തെറ്റാണെന്നു പറയാനുള്ള വൈദഗ്ധ്യം ആർക്കെങ്കിലും ഉണ്ടെന്നു തോന്നുന്നില്ല. ഈ റിപ്പോർട്ട് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് രാജമാണിക്യത്തിന് ഹൈക്കോടതിയിൽ നിന്നുള്ള നിയമപരമായ സഹകരണം ഉടനീളം ഉണ്ടായിരുന്നു. റിപ്പോർട്ട് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് രാജമാണിക്യത്തിനും ഏറെ വെല്ലുവിളികൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. ഹൈക്കോടതിയിൽ നിലവിലുള്ള കേസിന്റെ മുന്നോട്ടു പോക്കിനും ഈ റിപ്പോർട്ടിലെ പരാമർശങ്ങൾ ഏറെ ഗുണകരമായിട്ടുണ്ട്. ആ റിപ്പോർട്ടുപ്രകാരം മുന്നോട്ടു പോയാൽ അനധികൃതമായി കൈവശം വച്ചിട്ടുള്ള എല്ലാ ഭൂമിയും ഏറ്റെടുക്കാനാവുന്ന തരത്തിലുള്ള കാര്യങ്ങളാണ് ഈ റിപ്പോർട്ടിലുള്ളത്.

**ഹാരിസൺ കേസിൽ എത്രത്തോളം മുന്നേറ്റമുണ്ടാക്കാൻ താങ്കൾക്കു കഴിഞ്ഞിട്ടുണ്ട് ?**

= 2011 – ലാണ് ഞാൻ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറായി ഹാരിസൺ കേസുകൾ വാദിക്കാൻ തുടങ്ങിയത്. അന്നുവരെ ഹാരിസൺ മലയാളത്തിന് അനുകൂലമായ വിധികൾ മാത്രമാണ് കോടതിയിൽ നിന്നു വന്നുകൊണ്ടിരുന്നത്. എന്നാൽ ഹാരിസണിന് എതിരേയുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഞാൻ ഉന്നയിച്ച വാദങ്ങൾ വന്നതോടെ ഇതിനു മാറ്റം വന്നു തുടങ്ങി. സംസ്ഥാന സർക്കാരിനനുകൂലമായ വിധികളും ഹൈക്കോടതിയിൽ നിന്നു പറത്തുവന്നു തുടങ്ങി. ഹാരിസൺ കേസുമായി ബന്ധപ്പെട്ടു തയ്യാറാക്കിയ പി. സജിത് ബാബു കമ്മീഷൻ റിപ്പോർട്ട്, നിവേദിത പി. ഹരൻ റിപ്പോർട്ട് എന്നിവ ഞാൻ പഠിച്ചുമനസിലാക്കി. അതിന്റെ നിയമവശങ്ങളും പഠിച്ചു. 1900 മുതലുള്ള ട്രാവൻകൂർ നിയമവും വരെ പഠിച്ചു. അതിൽ നിന്നു മനസിലാക്കിയ കാര്യങ്ങളും വിദേശ കമ്പനികൾ എത്രത്തോളം ഭൂമിക്ക് വ്യാജരേഖകൾ ഉണ്ടാക്കി, പട്ടയം സ്വന്തമാക്കി തുടങ്ങിയ വിവരങ്ങൾ ഇതിലൂടെ അറിയാൻ കഴിഞ്ഞു. ഇതിൽ പലതും പൂഴ്ത്തിവച്ച രേഖകളായിരുന്നു. ഹൈക്കോടതിയിലൂടെ ഫൈറ്റ് ചെയ്താണ് ഈ രേഖകളെല്ലാം ഞാൻ സംഘടിപ്പിച്ചത്. ഹാരിസൺ ഭൂമിയുമായി ബന്ധപ്പെട്ട സർവേ മാപ്പുകൾ പരിശോധിക്കുന്നതിനിടയിലാണ് ഇതെല്ലാം വ്യാജമാണെന്നു ഞാൻ കണ്ടെത്തിയത്. ഇതിനെത്തുടർന്ന് സംസ്ഥാന സർക്കാരിനോട് ഹാരിസൺ കേസിൽ ഒരു വിജിലൻസ് അന്വേഷണം നടത്താൻ ശുപാർശ ചെയ്യുകയായിരുന്നു. ഈ അന്വേഷണം നിർണായകമായ നിരവധി വിവരങ്ങളാണ് പുറത്തുകൊണ്ടുവന്നത്. വ്യാജരേഖ ചമച്ചതിന്റെ പേരിൽ ഹാരിസൺ മലയാളത്തിന്റെ ഉദ്യോഗസ്ഥർക്കെതിരെ എഫ്ഐആർ രജിസ്റ്റർ ചെയ്യുകയും ക്രിമിനൽ കേസുകൾ എടുക്കുകയും ചെയ്തു. ഈ ക്രിമിനൽ കേസുകൾ കോടതിയിൽ വന്നപ്പോൾ വിധി സർക്കാരിന് അനുകൂലമായി മാറുകയും ചെയ്തു.

**ഹാരിസൺ കേസിൽ എപ്പോഴാണ് താങ്കൾ വിജയങ്ങൾ സ്വന്തമാക്കാൻ തുടങ്ങിയത്?**

= എന്റെ വാദങ്ങളെല്ലാം വിഷയം കൃത്യമായി പഠിച്ചതിനു ശേഷം മാത്രമായിരുന്നു. അതുകൊണ്ടു തന്നെ ഹാരിസണിന്റെ വാദങ്ങളെല്ലാം പലപ്പോഴും അപ്രസക്തമാകുന്ന രീതിയിലേക്കു കാര്യങ്ങൾ മാറിത്തുടങ്ങി. ഒരു റിട്ട് പെറ്റീഷൻ പോലും അവർക്കു ശരിയായ രീതിയിൽ വാദിക്കാനാവാത്ത തരത്തിലുള്ള സാഹചര്യം കോട

തിയിൽ സംജാതമാക്കി. ഇത്തരം സാഹചര്യങ്ങളിൽ ഞാൻ ഉന്ന യിച്ച വാദങ്ങൾ നിയമപരവും സത്യവുമാണെന്ന് ജഡ്ജിമാർക്കും ബോധ്യപ്പെട്ടു. ഇതിനെത്തുടർന്നാണ് ഒരു വിദേശ കമ്പനിക്ക് ഇന്ത്യ യിൽ കുടിയാനാകാൻ കഴിയില്ലെന്ന വളരെ ശ്രദ്ധേയമായ വിധി ഹൈക്കോടതിയിൽ നിന്നുണ്ടായത്. വളരെ ശ്രദ്ധേയമായ ഒരു കോടതി പരാമർശമായിരുന്നു ഇത്. ഇതോടെയാണ് ഹാരിസണിന്റെ കാൽച്ചുവട്ടിലെ മണ്ണ് ഒലിച്ചു പോകാൻ തുടങ്ങിയത്.

**ഇതേ രീതിയിലുള്ള വാദം തുടരാൻ കഴിഞ്ഞാൽ വിധി സംസ്ഥാ നത്തിന് അനുകൂലമാവുമോ ?**

= തീർച്ചയായും ഹൈക്കോടതിയിലെ സർക്കാർ അഭിഭാഷകൻ ഈ കേസുമായി ബന്ധപ്പെട്ട വാദങ്ങളിൽ ഒരിറ്റുവെള്ളം പോലും ചേർക്കാതെ നിയമവശം പൂർണമായും ഉയർത്തിപ്പിടിച്ചു വാദിച്ചാൽ ഈ കേസിൽ ഉറപ്പായും ജയിക്കുമെന്ന് എനിക്കു പൂർണവിശ്വാസ മുണ്ട്. കോടതിക്കുമുന്നിൽ നന്നായി കാര്യങ്ങൾ അവതരിപ്പിക്ക ണം. ക്ഷമയോടെ കാര്യങ്ങൾ തുറന്നുപറയാനുള്ള ചങ്കൂറ്റമാണ് സർക്കാർ അഭിഭാഷകൻ കാട്ടേണ്ടത്.

**താങ്കൾക്കു ശേഷം വന്ന ഗവൺമെന്റ് പ്ലീഡർ ഹാരിസൺ കേസിൽ എന്തെങ്കിലും ഇടപെടലുകൾ നടത്തിയിട്ടുണ്ടോ ?**

= ഞാൻ ഇപ്പോൾ അതുമായി ബന്ധപ്പെട്ട വിവരങ്ങൾ അന്വേഷി ക്കാറില്ല. സർക്കാർ അവർക്കു താൽപര്യമുള്ള ഗവൺമെന്റ് പ്ലീഡർമാരെ നിയമിക്കുന്നു. അതു സർക്കാരിന്റെ നയമാണ്. ഇങ്ങനെ നിയമിക്കപ്പെടുന്ന ഗവൺമെന്റ് പ്ലീഡർമാർ സർക്കാർ പറയുന്ന രീതിയിലായിരിക്കുമല്ലോ കേസുകൾ വാദിക്കുക. സർക്കാർ അഭിഭാഷകരെല്ലാം മോശമാണെന്ന അഭിപ്രായമൊന്നും എനിക്കില്ല. കോടതി രണ്ടു കക്ഷികളെയും ഒരുപോലെയാണ് പരി ഗണിക്കുക. കോടതിയിൽ സർക്കാർ ഭാഗം കൃത്യമായി വാദിച്ചി ല്ലെങ്കിൽ ഹാരിസണിന്റെ വാദം അംഗീകരിച്ച് അവർക്ക് അനുകൂല മായ വിധി വരാനുള്ള സാഹചര്യം സൃഷ്ടിക്കപ്പെട്ടേക്കാം. പക്ഷേ അങ്ങനെ ഉണ്ടാവില്ലെന്നാണ് എന്റെ വിശ്വാസം.

**ഹാരിസൺ വിഷയത്തിൽ എന്തുകൊണ്ടാണ് പൊതുസമൂഹം പ്രതികരിക്കാത്തത് ?**

= കേരളത്തിലെ പൊതുസമൂഹം ഹാരിസൺ മലയാളം ഉൾപ്പെടെ

യുള്ള വമ്പൻ കമ്പനികൾ നടത്തുന്ന തട്ടിപ്പിനെക്കുറിച്ച് കൃത്യമായി മനസ്സിലാക്കിയിട്ടില്ലായെന്നതാണ് യാഥാർത്ഥ്യം. സർക്കാർ തലത്തിലോ മാധ്യമങ്ങളുടെ നേതൃത്വത്തിലോ ഇതിനുള്ള ശ്രമങ്ങൾ ഉണ്ടായിട്ടുമില്ല. കേരളത്തിലെ മാധ്യമങ്ങൾ ഇത്തരം ഭൂമി വിഷയങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങളെ അറിയിക്കാൻ കാര്യമായ താൽപര്യം കാട്ടാറുമില്ല. അറിഞ്ഞാലും ഇതു മനസ്സിലാക്കാൻ ആരും തയ്യാറല്ല. ഒരു വിദേശ കമ്പനിയാണെന്നു പറഞ്ഞാലും ഭൂമി വിഷയം ആണെന്നു പറഞ്ഞാലും അവർ ഇത്രയും കാലം അനുഭവിച്ചതല്ലേ അതുതന്നെ തുടർന്നോട്ടെയെന്നാണ് ഭൂരിഭാഗം ജനങ്ങളുടെയും ചിന്ത.

**ഇക്കാര്യം തിരിച്ചറിയാൻ രാഷ്ട്രീയ പാർട്ടികൾക്കും കഴിയുന്നില്ല എന്നാണോ ?**

= ഈ വിദേശ കമ്പനിയുടെ ഏറ്റവും വലിയ കഴിവും ഇതുതന്നെയാണ്. എല്ലാവരെയും കബളിപ്പിക്കാൻ കഴിയുന്നുവെന്നതു തന്നെയാണ് അവരുടെ ഏറ്റവും വലിയ വിജയം. ഹാരിസൺ പോലുള്ള കമ്പനികളെ ഒന്നും ചെയ്യാനാവില്ലെന്നു ചിന്തിക്കുന്നവർ പോലുമുണ്ട്. ഹാരിസൺ മലയാളം ഉൾപ്പെടെയുള്ള വമ്പൻ കമ്പനികൾ ജനക്ഷേമത്തിനുവേണ്ടിയാണ് ഭൂമി കൈവശം വച്ചിരിക്കുന്നതെന്നാണ് പലരും ഇപ്പോഴും കരുതുന്നത്. ഇത്തരം കമ്പനികൾ തെറ്റൊന്നും ചെയ്യില്ലെന്നു വിശ്വസിക്കുന്നവരാണ് കേരളത്തിലെ ബഹുഭൂരിപക്ഷം ആളുകളും. ഹാരിസൺ ഭൂമി സർക്കാർ ഏറ്റെടുത്താൽ നശിപ്പിക്കുമെന്നു പറയുന്നവർ പോലുമുണ്ട്. ഇത് ബ്രിട്ടീഷ് ഭരണമായിരുന്നു നല്ലതെന്നു പറയുന്നവരുടെ ജൽപ്പനം പോലെ കണ്ടാൽ മതിയാവും. ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടിയിട്ട് 70 വർഷം കഴിഞ്ഞിട്ടും നമ്മുടെ നാട് വിദേശികളുടെ ആധിപത്യത്തിൽ നിന്നു മുക്തമായിട്ടില്ലായെന്നതാണ് യാഥാർത്ഥ്യം. സർക്കാരുകളെയും ജുഡീഷ്യറിയെയും നിയമസംവിധാനത്തെയും വെല്ലുവിളിച്ചാണ് ഹാരിസൺ മലയാളത്തിനെ പോലുള്ള കമ്പനികൾ ഇവിടെ പ്രവർത്തിക്കുന്നത്. രാജ്യത്തെ ജനങ്ങളെ മൊത്തം വിഡ്ഢികളാക്കുന്ന തരത്തിലുള്ളതാണ് ഇവരുടെ പ്രവർത്തനം. നമ്മുടെ നാട്ടിലെ അറിയപ്പെടുന്ന എഴുത്തുകാരും ചിന്തകരും വിപ്ലവകാരികളും ഇതുവരെ ഹാരിസൺ മലയാളത്തിന്റെ അനധികൃത ഭൂമി കൈയേറ്റം എന്താണെന്നു മനസിലാക്കാൻ ശ്രമിക്കുകയോ ജനങ്ങളെ ബോധ

വൽക്കരിക്കാൻ ശ്രമിക്കുകയോ ചെയ്തിട്ടില്ല. സ്വന്തം കാര്യം സിന്താബാദ് എന്ന ചിന്താഗതിയുമായി കഴിയുന്നവരുടെ നാട്ടിൽ ഇത്തരം തട്ടിപ്പുകൾ നടന്നില്ലായെങ്കിൽ മാത്രമേ അതിശയിക്കേണ്ടതുള്ളൂ.

**ഹാരിസൺ കേസിൽ അന്തിമവിധി വരാനുള്ള തടസ്സം എന്താണ് ?**

= ഹാരിസൺ കേസിൽ വിധി വരുന്നതിന് യാതൊരു തടസവുമില്ല. നേരിട്ടു കേസ് വാദിക്കാൻ സർക്കാർ ചെറിയ സന്നദ്ധതകാട്ടിയാൽ കേസ് എളുപ്പത്തിൽ തീർപ്പാക്കാനാവും. കൃത്യമായി വാദിച്ചാൽ ഹാരിസണിന്റെ വാദങ്ങൾ എല്ലാം തകർന്നടിയുമെന്നുറപ്പാണ്. അതുകൊണ്ടു തന്നെ കേസിൽ നമുക്ക് അനുകൂലമായ വിധിയുണ്ടാവുകയും ചെയ്യും. കേസിൽ വിജയിക്കാനുള്ള 90 ശതമാനം അടിസ്ഥാനം ഇപ്പോഴുള്ള കേസുകളിൽ ഉണ്ട്. അതേസമയം വരും നാളുകളിൽ കോടതിയിൽ കൃത്യമായ വാദം ഉയർത്താൻ കഴിയാതെ കേസ് പരാജയപ്പെട്ടാൽ അതു സർക്കാരിന്റെ മാത്രം വീഴ്ചയായിരിക്കും. ഇങ്ങനെയുണ്ടാവില്ല എന്നു തന്നെയാണ് എന്റെ വിശ്വാസം.

**ഹാരിസൺ മലയാളം വിറ്റ ചെറുവള്ളി എസ്റ്റേറ്റിൽ വിമാനത്താവളം പണിയാനുള്ള ശ്രമം നടക്കുന്നുണ്ടല്ലോ ?**

= ഇതെല്ലാം ഓരോ തരത്തിലുള്ള ശ്രമങ്ങളാണ്. ഇതിൽ വിജയിക്കുമോ എന്ന് കാത്തിരുന്നു തന്നെ കാണേണ്ടിയിരിക്കുന്നു. ഹാരിസൺ മലയാളത്തിന്റെ ഭൂമി വിൽപ്പനകളെല്ലാം നിയമവിരുദ്ധമാണെന്നു കോടതി തന്നെ കണ്ടെത്തിയിട്ടുണ്ട്. ഹാരിസൺ വിറ്റ ഭൂമികളായ ചെറുവള്ളി എസ്റ്റേറ്റ്, ബോയ്സ്, അമ്പനാട്, റിയ എന്നിവ സർക്കാർ ഏറ്റെടുത്തതായി ഉത്തരവു പുറത്തു വന്നിട്ടുള്ളതാണ്. കെ പി യോഹന്നാൻ ഹാരിസണിൽ നിന്നു വാങ്ങിയ ചെറുവള്ളി എസ്റ്റേറ്റ് കെ പി യോഹന്നാന്റെ ഭൂമിയാണെന്നാണ് എല്ലാവരും വാദിക്കുന്നത്. എയർപോർട്ടിനായി ഈ ഭൂമി ഏറ്റെടുക്കാമെന്നും പറയുന്നുണ്ട്. എന്നാൽ സർക്കാർ ഈ ഭൂമി ഏറ്റെടുത്തു കഴിഞ്ഞുവെന്നതാണ് യാഥാർത്ഥ്യം. ഇനി ഈ ഭൂമിയിൽ വിമാനത്താവളം പദ്ധതി സർക്കാർ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ തന്നെ സർക്കാർ ഭൂമിയായി കണ്ടു മാത്രമേ നടപടി ക്രമങ്ങൾ മുന്നോട്ടു കൊണ്ടുപോകാനാവൂ. സർക്കാർ ഭൂമി ഏറ്റെടുത്ത നടപടി തെറ്റാണെന്നു ഹൈക്കോടതി പറഞ്ഞിട്ടില്ല. മറിച്ച് ശരിവയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. അതേസമയം കേസിൽ തൽസ്ഥിതി അതായത് യോഹ

ന്നാന്റെ കൈവശത്തിൽ ഇരിക്കുന്ന അവസ്ഥ കേസ് തീരുന്നതു വരെ തുടരാനുമാണ് കോടതി പറഞ്ഞിട്ടുള്ളത്. ഈ ഭൂമികളിൽ നിന്നു മരം മുറിക്കുന്നതും ഭൂമി കൈമാറ്റം ചെയ്യുന്നതും നികുതി അടയ്ക്കുന്നതും ഈടുവയ്ക്കുന്നതും തടഞ്ഞിട്ടുമുണ്ട്.

**ഹാരിസൺ കേസ് അട്ടിമറിക്കാൻ ശ്രമിക്കുന്നത് സിപിഐയെയാണോ ?**

= രാഷ്ട്രീയമായതിനാൽ ഇക്കാര്യത്തിൽ എനിക്ക് ഒന്നും പറയാനില്ല. എന്നാൽ ഇതു സർക്കാർ ഭൂമി അല്ലാതാക്കാൻ ആരു ശ്രമിച്ചാലും അതു നടപ്പാകാൻ സാധ്യതയില്ലായെന്നതാണ് യാഥാർത്ഥ്യം. അതു സൂര്യനെ മുറം കൊണ്ട് മറയ്ക്കാൻ ശ്രമിക്കുന്നതുപോലെയായിരിക്കും. ഈ ഭൂമിയുടെ പട്ടയം വിദേശിക്ക് അർഹതപ്പെട്ടതാണെന്ന് ഹൈക്കോടതിക്ക് പറയാനുള്ള സാഹചര്യം ഉണ്ടാവില്ലായെന്നു തന്നെയാണ് വിശ്വാസം. ഹാരിസണിനു രാഷ്ട്രീയക്കാരുടെ സഹായം കിട്ടിയിട്ടില്ലെന്നു പറയാനാവില്ല. 70 വർഷത്തോളമായി ഇവർ എല്ലാവരെയും സ്വാധീനിച്ചു കഴിയുകയാണ്. ഇനിയും അവർ അത് ഉപയോഗിച്ചേക്കാം.

**ഹാരിസൺ കേസ് പരാജയപ്പെടാൻ സാധ്യതയുണ്ടോ ?**

= കേസ് തോറ്റാൽ ഇതു സർക്കാർ ഭൂമിയല്ലാതായി മാറും. ഇത് സർക്കാരിന്റെ മാത്രമല്ല മൊത്തം കേരള ജനതയുടെയും പരാജയം ആയിരിക്കും.

**ഹാരിസൺ കേസ് തോറ്റാൽ ആരായിരിക്കും ഉത്തരവാദി ?**

= ഇത്രത്തോളം എത്തിയ ഹാരിസൺ മലയാളത്തിന്റെ ഭൂമിയുമായി ബന്ധപ്പെട്ട കേസ് പരാജയപ്പെട്ടാൽ അതിന്റെ ഉത്തരവാദിത്വം സർക്കാർ ഏറ്റെടുക്കേണ്ടിവരും. കാരണം ഈ കേസിൽ 90 ശതമാനവും സംസ്ഥാനത്തിന് അനുകൂലമായ വിധി വരാനുള്ള സാഹചര്യങ്ങളുണ്ട്. എന്നാൽ ഇനി കൃത്യമായ വാദം കോടതിയിൽ ഉയർത്താൻ കഴിയാതെ കേസ് പരാജയപ്പെട്ടാൽ ഇതിന്റെ ഉത്തരവാദി സർക്കാരാണെന്നു പറയാതിരിക്കാനാവില്ല. അങ്ങനെ സംഭവിച്ചാൽ കേരളത്തിന്റെ മണ്ണിൽ വിദേശ ആധിപത്യം വീണ്ടും അരക്കിട്ടുറപ്പിക്കാൻ അവസരമൊരുക്കുകയാണെന്നു തന്നെ പറയേണ്ടിവരും.